(സി) ഉണ്ട്. "പിള്ളത്തോട്", "പീച്ചി" എന്നീ പദ്ധതികളെ നടപ്പിൽ വരുത്തുന്നതുമൂലം.

(ഡി) ഈ പദ്ധതികൾ ഇപ്പോൾ അന്വേഷണത്തിലിരിക്കുകയാണ്.

Voting of Demands for Grants

21. Education—*(cont.)*

CUT MOTION No. 35—*(cont.)*

Inordinate delay in granting educational concessions to the dependents of Military employees

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ് : സർ, ഈ ഉപക്ഷേപത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന സംഗതി—അതായതു പട്ടാളസേവനം ചെയ്യുന്നവരുടെ കുടുംബക്കാർക്കു വിദ്യാഭ്യാസ സൌകര്യവും മറ്റു ആനുകൂല്യങ്ങളും കാലവിളംബം കൂടാതെ ചെയ്തു കൊടുക്കണമെന്നുള്ളതു—ഏതടിസ്ഥാനത്തിന്മേലാണു; ഏതു തത്വത്തിന്മേലാണു എന്നുള്ളതാണു ഞങ്ങൾക്കു മനസ്സിലാകാത്തതു. ദേശപ്രേമത്തിന്റെ പേരിലാണ് അവർ യുദ്ധസേവനത്തിനു പോയിരിക്കുന്നതെന്ന വാദം എടുക്കുകയാണെങ്കിൽ,—അതു ഒരുപക്ഷെ, നമ്മളുടെ ബഹുമാനപ്പെട്ട ഫൈനാൻസുമെമ്പറും സമ്മതിക്കാനും അങ്ങിനെ പറഞ്ഞേക്കാം. ഫൈനാൻസു മെമ്പർ അങ്ങിനെ പറഞ്ഞിട്ടുമുണ്ട്. എന്നാൽ ഞങ്ങൾ അതു ഒരു കാലത്തും സമ്മതിച്ചു കൊടുക്കാൻ തയ്യാറില്ല. ദേശപ്രേമത്തിന്റെ പേരിൽ യൂറോപ്പിൽ ഡെമോക്രസിയുടെ പേരിൽ, മറ്റിതരാജ്യങ്ങളെ കൊള്ള അടിച്ചു ജീവിക്കുന്ന സാമ്രാജ്യശക്തി അതിന്റെ മരണവിളി മുഴക്കുമ്പോൾ അവരെ രക്ഷിക്കുവാനായി സേച്ഛാധിപത്യവും ഭയങ്കരമായ മർദ്ദനങ്ങളും നടത്തുന്ന ഈ അടിമഭാരതത്തിന്റെ ഒരടിമഘടകമെന്ന നിലയിൽ തുടർന്നു പോരുന്ന ഈ കൊച്ചി രാജ്യത്തിലെ ഒരു പൌരൻ എങ്ങിനെയാണു ദേശപ്രേമത്തിന്റെ പേരിൽ, ആവേശംകൊണ്ടു മതിമറന്നു, തന്റെ മാതൃഭൂമിയെ രക്ഷിക്കാനെന്നുള്ള ഭാവേന അവരെ രക്ഷിക്കാനായി ഓടിച്ചെല്ലുന്നതു? ഇതാണു ഞങ്ങൾക്കു മനസ്സിലാകാത്തതു. ഞങ്ങൾ പറയുന്നതു വെറും സാമ്പത്തികമായ ആവശ്യംകൊണ്ടു മാത്രമാണെന്നു. ഇവിടെ പട്ടിണികിടന്നു മരിക്കുന്നതിലും നല്ലതു വല്ല എടത്തും പോയി വീരത്തോടും ശൌര്യത്തോടുംകൂടി പോക്കളത്തിൽവെച്ചു പടവെട്ടി വീരസ്വർഗ്ഗം പ്രാപിക്കയല്ലെ എന്നു വെച്ചാണു് കൊച്ചിക്കാരും ഇന്ത്യാക്കാരും പട്ടാളത്തിൽ ചേർന്നിരിക്കുന്നതെന്നു് ഇന്ത്യാക്കാരല്ലാത്തവർക്കുതന്നെ ബോദ്ധ്യമായിട്ടുണ്ടു്. സഖ്യശക്തികളിൽ ഏറ്റവും പ്രധാനപ്പെട്ട അമേരിക്കൻ രാഷ്ട്രത്തിന്റെ സൌത്ത് ഈസ്റ്റ് ഏഷ്യാ കമാൻഡർ "ജനറൽ സ്റ്റിൽവൽ" ഒരിക്കൽ പറഞ്ഞു "ഇന്ത്യാക്കാർ വാസ്തവത്തിൽ അവരുടെ വയറു പിഴപ്പിനുവേണ്ടി മാത്രമാണു; പട്ടിണികിടന്നു മരിക്കാതെയിരിക്കാൻവേണ്ടി മാത്രമാണു; ശമ്പളം മാത്രം ആഗ്രഹിച്ചാണു യുദ്ധത്തിൽ ചേരുന്നതെന്നു്. അല്ലാതെ ഇന്ത്യയെ രക്ഷിക്കാനല്ല; കൊച്ചിയെ രക്ഷിക്കാനല്ല. അവർ യുദ്ധത്തിനു പോയിട്ടുള്ളതു്. അങ്ങിനെയിരിക്കെ വല്ലവക്കും വേണ്ടി ശമ്പളം വാങ്ങി യുദ്ധത്തിനു പോയിരിക്കുന്നവരുടെ—അവരുടെ വീര്യശൌര്യപരാക്രമങ്ങളെപ്പറ്റി ഞാൻ പറയുന്നില്ല; അവർ ഇന്ത്യാക്കാരുടെ സഹജമായ വീര്യശൌര്യപരാക്രമങ്ങളോടുകൂടി പടവെട്ടീട്ടുണ്ടു്—എങ്കിലും നമ്മൾക്കുവേണ്ടിയല്ല അവരെ യുദ്ധത്തിനയച്ചിരിക്കുന്നതു്—അങ്ങിനെയുള്ളവരുടെ മക്കൾക്കും കുടുംബക്കാർക്കും വേണ്ട സഹായം നൽകേണ്ടതിനുള്ള കടമ നമ്മൾക്കല്ല. ഐക്യകക്ഷികൾക്കാണു്. ഇംഗ്ലണ്ടിലും സ്വതന്ത്രരാഷ്ട്രങ്ങളിലും ഇങ്ങിനെ ചെയ്യുന്നതിൽ പിന്നേയും വല്ല അർത്ഥമുണ്ടു്.

Mr. President: Order, order. I must remind the Hon'ble Member that under the rules of this House the discussion must be confined to the particular object for which the grant is asked. The Hon'ble Member is speaking on a motion to reduce the grant in order to call attention to the delay in giving educational concessions to the dependents of Military employees. I cannot see how the motives which lead men to enlist in the forces can be relevant.

Mr. G. S. Dhara Singh *(Mattancheri)*: We fail to understand on what grounds the Cochin Government has to give these educational facilities, on that point only I am dilating.

Mr. President: The Hon'ble Member is expressing his disapproval of the policy of giving educational concessions.

Mr. G. S. Dhara Singh *(Mattancheri)*: Yes. സർ, പിന്നെ രണ്ടാമത്തെകാരണം, അവർക്കു പണത്തിന്റെ ബുദ്ധിമുട്ടു ധാരാളമുണ്ടു് എന്നുള്ളതായിരിക്കാം; അവരിൽ പലർക്കും വളരെ കുറഞ്ഞ ശമ്പളമായിരിക്കാം എങ്കിലും അവരുടെ കുടുംബക്കാരെ രക്ഷിക്കേണ്ടഭാരം അവർ ആക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി യുദ്ധത്തിനു പോയിരിക്കുന്നവൊ ആ രാജ്യക്കാരുടെതാണ്". അതിനുവേണ്ടി നമ്മുടെ പണം ചിലവാക്കുന്നതിലാണ് എനിക്ക് എതിർപ്പുള്ളതു". അവർക്ക് പണമൊ സ്ഥലമൊ വിദ്യാഭ്യാസാനുകൂല്യമോ നൽകുന്നതിൽ സന്തോഷമല്ലാതെ എനിക്ക് എതിർപ്പില്ല. പക്ഷെ ബ്രിട്ടനോ അമേരിക്കയോ ആണ് അതു കൊടുക്കേണ്ടതു". കൊച്ചിയിൽനിന്നു" അതിനു പണം ചിലവാക്കാൻ മരിക്കലും പാടില്ല.

അതിനാലാണ് ഞാൻ എന്റെ സ്വന്തം നിലയിലും പാർട്ടിയുടെ നിലയിലും ഈ ഉപക്ഷേപത്തെ എതിർക്കുന്നു". ഈ ആനുകൂല്യങ്ങൾ ഇപ്പോൾ കൊടുക്കാൻ തീർച്ചയാക്കിയിട്ടുള്ളതായി അറിയുന്നുണ്ട്". അങ്ങിനെ കൊടുക്കാൻ തീർച്ചയാക്കിട്ടുണ്ടെങ്കിൽതന്നെ ആ പണം ഈ കാര്യത്തിലേക്ക് ചിലവാക്കാതെ അവരെക്കാൾ എത്രയൊ കൂടുതൽ അവശതയനുഭവിച്ചുവരുന്ന അധഃകൃതവിദ്യാർത്ഥികൾക്കുവേണ്ടിയോ അല്ലെങ്കിൽ പ്രാഥമിക വിദ്യാഭ്യാസം സൌജന്യം ആയിനടത്താൻവേണ്ടി അതിലേയ്ക്കുള്ള ചിലവിലേക്കോ ആണ്" എടുക്കേണ്ടതു". ഈ തരത്തിൽ ഉള്ള കാര്യങ്ങൾ നടപ്പിൽ വരുത്തുകയാണ്" കൊച്ചിക്കാരായ നമ്മുടെ കടമ. ഇതുകൾ നമ്മൾക്ക് ഏറ്റവും ആവശ്യമാണ്". അല്ലാതെ വല്ലവരുടേയും ശമ്പളം വാങ്ങി വല്ലയെടത്തുംപോയി വല്ലവർക്കുംവേണ്ടി യുദ്ധംചെയ്യുന്ന ആളുകളുടെ കുടുംബത്തെ സഹായിക്കാൻ നമ്മുടെ ഗവർമ്മേണ്ടിന്റെ പണമല്ല ചിലവാക്കേണ്ടതു". ഇത്രമാത്രമാണ്" എനിക്ക് ഇതിനെക്കുറിച്ചു പറയുവാനുള്ളതു".

Mr. Paramel Iype Iype *(Kunnamkulam):* Sir, I rise in support of this motion. I am afraid that my Hon'ble friend is under some misunderstanding as to the real question at issue that has been brought to the notice of the House under this cut motion. The question is whether it is feasible to cause any delay in giving these concessions that have been granted to the dependants of the people who have gone for Military services. The question is not whether concession can be given or cannot be given. It is an admitted proposition that the concession has been given.

Mr. V. R. Krishnan Ezhuthassan *(Urakam):* Who admitted?

Mr. G. S. Dhara Singh *(Mattancheri):* I said, it must also be abolished.

Mr. Paramel Iype Iype *(Kunnamkulam):* The issue raised is, whether inordinate delay can be tolerated. If that be so; either we can say, there is no delay or if there is any delay the delay must be undone. That being so my Hon'ble friend's remarks regarding the cut motion are more out of place.

Mr. P. Govinda Menon *(Ernakulam):* Mr. President, there is a motion before this House, and I believe this House wants that we should vote intellegently upon the motion. We are not prepared to be neutral upon any question, that comes up for decision before this House. We can either vote for this motion or vote against this motion and if we vote against the motion it may amount to this that we are prepared to concede that a Government Department will be justified in causing delays in performing the duties entrusted to it. If we vote for the motion then it will be conceding the principle underlying the motion that educational concession ought to be granted to the persons in the Military. Therefore when my friend from Mattancheri opposed the motion he wanted to make it clear that it is not because he countenances delays, he is opposing the motion but because the very underlying principle of the motion is abnoxious to him and his party, that is ourselves. That may be a question about which there may be difference of opinion. I interceded only to show that my Hon'ble friend from Kunnamkulam is not correct when he says that the only question is the question of delay that is raised in the motion. I want to make one thing clear, Mr. President. About persons joining the Military, about the participation of this country in the war activities and all such allied subjects; we in this section of this House have got decided opinion. Now I want to speak on this motion not in support of those opinions. A few minutes back the Revenue Member stated before this House that about 8,000 and more acres of land have been leased out to the agriculturists of this country for the purpose of increased food production when there was a difficult food situation. He also conceded that a survey is being undertaken with the ultimate object of taking back these lands to be given over to ex-service men. I wish to urge before this House that when questions regarding the army, questions regarding the war, questions regarding the Military come cup before this Government and come up before this House we often loose a sense of proportion, we loose a sense of value and we often forget our logic. It is wrong to assume that persons, in active service are more important for the war than the peasants who were tilling the soil when there was an acute food crisis. These peasants rushed to these hilly tracts and

LIBRARY ARCHIVES Kerala Legislative Assembly

wanted a few cents of land to cultivate, in order to improve the food situation in this country. Their work was as much calculated to improve the situation in the country, on account of the war as the persons who went to fight in the active services. There was only one difference. While the peasant in this country was toiling under several difficulties, while the peasant in this country was getting only a very poor return for tilling the soil, the men who went to the army went there, as pointed out by my friend, because it was a profitable thing for them. Persons in the streets who had absolutely nothing, no profession to follow, who had no food to eat and who had no other good source of income rushed to the military because they were getting a good income there.

Mr. S. P. Luiz *(Nominated)*: I beg to differ Sir.

Mr. P. Govinda Menon *(Ernakulam)*: This Government seeks to give further concessions to the military. If it is the case of the Government that the salaries in the military are not sufficient and therefore their wages have to be supplemented, I would wish to point out that it is not the function of this Government to supplement the income which these people get there. If it is to encourage the persons who join the military, then I have to point out Sir, that persons who remained in the country and tilled the soil and looked after the civic affairs of this country are as much necessary for the war purposes as persons who joined the active services. If it is for that reason we oppose this motion. A look at the budget will show that here, there and everywhere all sorts of expenditure are being incurred for purposes of war. We are not now questioning that because this is not the occasion nor the forrum to do that. But we have to point out that this Government is going out of its way to further supplement the income of these people by giving these military concessions. There are a lot of poor people in this country, for example, members of the Depressed Classes, members of poor families, who are not getting sufficient education, sufficient money is not being spent on their account by Government. The attention of this Government should rather turn in that direction and not in this direction. With these few words I close my speech on this subject.

Mr. Shabdai S. Koder *(Nominated)*: Sir, I just raise to correct a statement made by the Hon'ble Leader of the Prajamandal Party. He said that only the men in the street have joined the war. That is not correct.

Mr. P. Govinda Menon *(Ernakulam)*: Mainly.

Mr. Shabdai S. Koder *(Nominated)*: Many people, rich and influential citizens of the State have gone and fought in the battle-field and have died.

Mr. P. Govinda Menon *(Ernakulam)*: If they got the King's Commission or Viceroy's Commission.

Mr. Shabdai S. Koder *(Nominated)*: Whatever that be. The Ex-Deputy leader's son is also fighting in the battle field.

Mr. P. Govinda Menon *(Ernakulam)*: He got an attractive job there.

Mr. Shabdai S. Koder *(Nominated)*: May be. I only raise to correct that statement.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)*: Sir, I am glad that my Hon'ble friend from Mattancheri has preferred to commend upon the policy underlying these concessions. He is against our people for the present war.

Mr. P. Govinda Menon *(Ernakulam)*: Against the concessions.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)*: He is against the policy of going for war also. He is not one who went for military service any way on behalf of the party, he was speaking in that strain.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: You are misquoting him.

Mr. P. Govinda Menon *(Ernakulam)*: The party view has been authoritatively stated by me, to be that we are against giving concessions to Military Personnel from out of the funds of this Government. The issue is whether this House will be justified in supporting the Government in giving concessions to the Military personnel.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)*: The Hon'ble Leader of the Prajamandal Party expressed a little while ago that they had a decided view on the matter. May I know what that view is?

Mr. P. Govinda Menon *(Ernakulam)*: That matter does not come up for the vote of the House now.

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* The Hon'ble Member was trying to correct the Chair .. ..

Mr. President: Order, order. The Chair does not allow itself to be corrected.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* The discussion has been allowed by the Chair on the policy.

Mr. P. Govinda Menon *(Ernakulam):* On the policy of giving concessions to the Military personnel, not the policy of war or joining the war.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* The Hon'ble Member for Mattancheri said that those who went for Military service, went not out of patriotism, and they were helping the imperialism. We are not for helping imperialism. We will have to consider this question from a realistic point of view. *(Hear, hear).* When Japan was near India, very near India, the question was whether we should side with the then imperialism or whether we would help the coming imperialism.

Mr. P. Govinda Menon *(Ernakulam):* We wanted to fight Japan.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* In the method of fight we differ.

Mr. Puthur Achyuta Menon *(Kattur):* That was the only practical method.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* I concede that there was a political party in India who held that view. But there were other political parties who held different views and who were more against imperialism than the Congress itself.

Mr. Puthur Achyuta Menon *(Kattur):* That was the Russian view.

Mr. President: I would ask the Hon'ble Member not to interrupt.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* The Communist Party, the Radical Democratic Party, all these political parties in India who are decidedly against imperialism and against capitalism also unlike the Congress.....

Mr. P. Govinda Menon *(Ernakulam):* Question Sir.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* But I also know something about the Congress. Those parties were pre-war because they thought if they held back they would not be going against imperialsm but only helping Japan to conquer India. But you were against the war.

Mr. P. Govinda Menon *(Ernakulam):* We want to fight and not to be fought with.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* There may be method of keeping back and fighting. I do not quarrel with that. Now even the Congress has practically conceded that they went wrong. *(Cries of No. No.)*

Mr. President: Order, order. I will ask the Hon'ble Member to keep a little nearer to the point at issue.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* So our people went for war with a good motive.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Of filling their stomachs.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* In every country people go for war for filling the stomach also. Even in England and other democratic countries, independent countries, people do like that.

Mr. Jos. K. Verghese *(Trichur-South):* Even in Vadakkancheri.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Yes, even in Vadakkancheri. But that is not the only motive. If they had not gone we would not have got the Wavell Plan but the Tojo Plan.

Mr. P. Govinda Menon *(Ernakulam):* Question.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* They were helping the Country, helping India including Cochin. Poor people, rich people, middle class people, all sorts of people went to war for their emoluments also and with a good motive, and perhaps they were not guided by inner voice. Therefore they could see things properly. People guided by inner voices and inner voices alone have no reason. They are guided by simple faiths. These poor people guided by their own stomach and guided by their patriotism and guided by the imminent danger of Japan invading India, they went to war, and, Sir, Cochin fought to help these people.

മിസ്റ്റർ പി. കെ. ഡിവൈ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഒരു യുദ്ധവിരോധ പ്രസംഗത്തിനും യുദ്ധവിരോധ പ്രകടനത്തിനും മിസ്റ്റർ പണിക്കരുടെ അനപായമായ ഈ ഉപക്ഷേപത്തെ ആധാരമാക്കിയതിൽ എനിക്കു സങ്കടമുണ്ട്. എന്റെ മനസ്സിന്റെ പ്രധാനധർമ്മം നേതാവു പറഞ്ഞു അവർക്കു അതിനെപ്പറ്റി ആക്ഷേപം പ്രകടിപ്പിക്കാനുള്ള വെറൊരു മാർഗ്ഗമുണ്ടായിരുന്നില്ല എന്നു്. ഈ ബഡ്ഡറിൽ ഇവർക്കു—യുദ്ധത്തിനപ്പോ

LIBRARY ARCHIVES Kerala Legislative Assembly

യവക്ക—വിദ്യാഭ്യാസസഹായം കൊടുക്കുന്നതിനുള്ള വക ചേർത്തിരിക്കുന്നതു എടുത്തുകളയണം; ഈ യുദ്ധം ഞങ്ങളുടേതല്ലാത്തതുകൊണ്ടു; ഞങ്ങളുമായി ആലോചിക്കാതെ ഒരു യുദ്ധത്തിൽ ഏർപ്പെട്ടതുകൊണ്ടു ഞങ്ങൾക്കു ഇതിൽ ഒരു കാര്യവുമില്ലാത്തതുകൊണ്ടു ഈ യുദ്ധത്തിൽ പോയവരെ സഹായിക്കുവാൻ പാടില്ലെന്നും അതിനാൽ ആ സഹായം എടുത്തുകളയണമെന്നുമായിരുന്നു പറഞ്ഞിരുന്നതെങ്കിൽ അതു ഒരു നല്ല മാർഗ്ഗമായിരുന്നുവെന്നു. അങ്ങിനെ ചെയ്യാതെ ഇപ്പോൾ ഈ പാവപ്പെട്ട ആളുകളുടെ കുട്ടികൾക്കു വിദ്യാഭ്യാസസൌജന്യം വൈകിക്കാതെ കൊടുക്കണം എന്നു പറയുന്നതു ഒരുപക്ഷപാതത്തെ ഇങ്ങിനെ ഒരു യുദ്ധവിരോധപ്രകടനത്തിനായി ഉപയോഗിച്ചതു ശരിയായില്ല. എന്തെന്നാൽ യുദ്ധവിരോധികളായ ആളുകൾ എന്തുകൊണ്ടു് ഈ ആവശ്യങ്ങൾക്കുള്ള തുക എടുത്തുകളയണമെന്നു പറഞ്ഞു ഒരു ഉപക്ഷേപം കൊണ്ടുവന്നില്ല?

Mr. P. Govinda Menon *(Ernakulam)*: Non-Votable.

മിസ്റ്റർ പി. കെ. ഡിവർ: ഇതു പറയാനുള്ളവഴി നിങ്ങളുടെ മുമ്പിൽ ഉറങ്ങുകിടക്കെ എന്തിനു ഉപക്ഷേപത്തിൽ പിടിച്ചുതൂങ്ങുവാൻ പോകുന്നു. സാധാരണ ഇന്നു പറയാറുണ്ടു് നമ്മളെ യുദ്ധത്തിലേയ്ക്കു വലിച്ചിഴച്ചതാണെന്നു്. എങ്ങിനെ തുടങ്ങിയാലും യുദ്ധം ഉണ്ടായിട്ടുണ്ടു്. യുദ്ധം നമ്മുടെയൊ അതു അപ്പുറെയൊ എന്നു് തർക്കിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ നമ്മളെ ഫാസിസ്റ്റ് ചെന്നായ്ക്കൾ വെറുതെ വിടുകയില്ല. ജപ്പാൻകാർ കോൺഗ്രസ്സിന്റെ അഭിപ്രായം എന്താണെന്നറിഞ്ഞിട്ടും നമ്മളുടെ ആളുകളുടെ രക്തം ചിന്തിയിട്ടുണ്ടു്. നമ്മളുടെ നിരവധി ജനങ്ങളുടെ തലയിൽ ബോംബിട്ടുണ്ടു്. യുദ്ധം നമ്മുടെ ആളുകളുടെ അറിവോടുകൂടിയല്ല ഉണ്ടായതു എന്നകാരണത്തിന്മേൽ നമ്മൾ കയ്യുംകെട്ടി ഇരുന്നിരുന്നെങ്കിൽ ഈ രാജ്യത്തിലെ പാവപ്പെട്ട ആളുകൾ പട്ടിണികിടന്നു എത്ര ആയിരം മരിക്കുമായിരുന്നു? ശത്രുക്കൾ നമ്മെ എല്ലാം പട്ടിണിയിട്ടുമ്പോൾ, അവരിൽ നിന്നു് നമ്മെ രക്ഷിക്കാനും ഫാസിസ്റ്റ് കൊടുംക്രൂരതകളിൽനിന്നും ലോകത്തെ രക്ഷിക്കാനും പടക്കളത്തിലേക്കിറങ്ങിയ പാവപ്പെട്ട വരെങ്കിലും വീരരായ ധീരരായാക്കുന്നതിനു എന്തെങ്കിലും ഒരു സൌജന്യം കൊടുക്കണമെന്നു് തീരുമാനിച്ചിട്ടുള്ളതു അതുവേഗം കൊടുക്കണമെന്നു പറയുമ്പോൾ അതു കൊടുക്കരുതെന്നു പറയുന്നതുശരിയല്ല. ഈരാജ്യത്തിൽ വേറെ പലരും സഹായം അർഹിക്കുന്നവരുണ്ടു്. അവർക്കു സഹായം കൊടുക്കണമെന്നുണ്ടെങ്കിൽ അതിനു വേറെ ആവശ്യപ്പെട്ടുകൂടെ? അങ്ങിനെ ചെയ്യാതെ ആ തുക അധികൃതർക്കു കൊടുക്കരുതേ.പട്ടാളത്തിൽ പോയവർ വയറുപിഴപ്പിനു പോയവരാണു എന്നൊക്കെ പറയുന്നതു ശരിയല്ലും ശരിയല്ല. മുമ്പു രാഷ്ട്രീയപ്രവർത്തനങ്ങൾക്കു പുറപ്പെട്ടുന്ന ചെറുപ്പക്കാരെ കുറിച്ചും ഇങ്ങിനെ വയറു പിഴപ്പിനായിനടക്കുന്നവരാണെന്നും മറ്റും ചിലർ ആക്ഷേപമായി പറയാറുണ്ടായിരുന്നു ആ അന്തരീക്ഷമായിരുന്നു ഈപ്രജാമണ്ഡലത്തെ താഴ്ത്തികൊണ്ടുവന്നതു പരിതാപകരമായിരിക്കുന്നു. ഈ യുദ്ധത്തിൽ നമുക്കു ഒരു കാര്യവുമില്ല, നമ്മുടെ ആളുകൾ യുദ്ധത്തിനു പോകേണ്ടിയിരുന്നില്ല എന്നു പലരും വാദിക്കാറുണ്ടു്. അവർ പറയുന്നകാരണം ഭാരതം അടിമരാജ്യമാണു്. ഇംഗ്ലീഷുകാരാണു് ഭാരതത്തെ ഭരിക്കുന്നതു്. അതുകൊണ്ടു ഈ രാജ്യരക്ഷയ്ക്കുവേണ്ടിയിട്ടായാലും യുദ്ധം ചെയ്യുന്നതു നമ്മുടെ കടമയല്ല എന്നും അവർ പറയുന്നു. എനിക്കിപ്പോൾ ഒരു കഥയാണു ഓർമ്മവരുന്നതു്. അതായതു ഒരു പാതിരി പ്രസംഗിച്ചു. ഈശ്വരൻ നമ്മളെ കാത്തുകൊള്ളും, സകല കാര്യങ്ങളും ഈശ്വരനാണു ചെയ്യുന്നതു്. ഈശ്വരനാണു നമ്മെ രക്ഷിക്കേണ്ടതു്. നമ്മൾ നമ്മുടെ രക്ഷയ്ക്കുവേണ്ടി മനസ്സും ചെയ്യേണ്ടതില്ലഎന്നു്. അതിനാശേഷം വേറെ ഒരു സ്നേഹിതനുമായി അദ്ദേഹം നടന്നുപോകുകയായിരുന്നു. അപ്പോൾ ഒരു മഴ വന്നു. ഉടനെ പാതിരി തന്റെ തൊപ്പി എടുത്തു തലയിൽവച്ചു. എന്നാൽ സ്നേഹിതൻ തലയിൽനിന്നു് തൊപ്പി എടുത്തു കോട്ടിന്റെ ഉള്ളിൽവെച്ചു. ഇതുകണ്ടു പാതിരി ചോദിച്ചു "നിങ്ങൾ എന്താണികാണിക്കുന്നതു" തലയിൽ വെള്ളം വീണു ജലദോഷം പിടിപെടുകയില്ലെ." എന്നു. ഉടനെ സ്നേഹിതൻ പറഞ്ഞു. "തല എന്റെതല്ല. ദൈവത്തിന്റെതാണു". മഴകൊള്ളാതെയും കൊണ്ടാൽ ജലദോഷം പിടിക്കാതെയും കാക്കേണ്ടതു ദൈവത്തിന്റെ ചുമതലയാണ"" എന്നു്. അതുപോലെയായിരിക്കും ബ്രിട്ടീഷുകാർ നമ്മേ ഭരിക്കുന്നതുകൊണ്ടു് നമ്മുടെ രാജ്യത്തെ ആക്രമിക്കുമ്പോൾ അവർ നോക്കികൊള്ളട്ടെ എന്നു പറഞ്ഞാൽ ബോംബുവീഴുമ്പോൾ എല്ലാ സംഭവിക്കുമെന്നു ആലോചിച്ചുനോക്കുക. ക്ഷണക്ഷാമവും അതിനെ ഭീകരമാക്കിയ ബ്ലാക്കുമാർക്കറ്റുകളും വളർന്നവന്ന അവസരത്തിൽ കുറെ ആളുകൾ പുറം രാജ്യങ്ങളിലേയ്ക്കു പോയതുകൊണ്ടു നമ്മൾക്കു അതുകൊണ്ടു ആശ്വാസമായില്ലെ? അങ്ങിനെ നമ്മളുടെ ബുദ്ധിമുട്ടുകൾക്കു കുറെകുറവു കിട്ടിട്ടുണ്ടു

LIBRARY ARCHIVES Kerala Legislative Assembly

ന്നള്ളത് കണക്കാക്കിയെങ്കിലും അവരെ ആക്ഷേപിക്കാതെ ഇരിക്കേണ്ടതാണെന്ന എനിക്ക തോന്നുന്നു നമ്മളുടെ നാട്ടിലെ തൊഴിലില്ലായ്മക്കുടി യുദ്ധത്തിന്നുംയുദ്ധസംബന്ധമായ യന്ത ങ്ങൾക്കും ഇവിടെ നിന്നും ആളുകൾ പോകുവാൻ ഇടയായിട്ടുണ്ടെങ്കിൽ അതിലും അവരെ ആക്ഷേപിക്കുന്നത് ഭൂഷണമല്ല. ജനകീയഭരണാദർശങ്ങളുടെ മാത്രമല്ല, സംസ്കാരത്തിന്റെ തന്നെ കണ്ണുകോടാലികളായ ഫാസിസ്റ്റ് ശക്തികളുടെ നേരെ പടവെട്ടുന്നതിന്നു് സ്വന്തം ജീവനെ തൃണവൽഗണിച്ചു് രാജ്യരക്ഷയ്ക്കായി പടവെട്ടാൻപോയ നമ്മുടെ സ്വന്തം സഹോദ രന്മാരായ യുദ്ധസേവനക്കാരായ ആ പാവപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക എന്തെങ്കിലും ഒരു സഹായം ചെയ്തുകൊടുക്കുന്നതിനെ എതിർക്കുന്നതു ന്യായമല്ല. അതു ഉടനെതന്നെ കൊടു ക്കേണ്ടതാണെന്നാണ് എനിക്ക പറയാനുള്ളതു്. ഫാസിസ്സത്തെ അടിച്ചമർത്തുന്നതിന്നു നമ്മ ളും ആളുകളെ അയക്കുന്നതുകൊണ്ടു ഭാരതത്തിന്റെ സ്വാതന്ത്ര്യം നീണ്ടുപോവുകയല്ല ചെയ്യുന്ന തു്. അതു കുറെക്കൂടി അടുക്കുകയാണ് ചെയ്യുന്നതു് എന്നു വിചാരശീലന്മാരായവർ സമ്മ തിക്കാതിരിക്കയില്ല. അതിനാൽ ഞാൻ ശക്തിയായി ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

Mr. M. K. Raja *(Mulakunnathukavu)*: Mr. President, on a point of information may I ask the Hon'ble Member for Government whether my friend who has just now spoken is receiving any payment from the War Publicity Department.

Mr. President: Order, order. I cannot allow that question.

മിസ്റ്റർ എം. കെ. രാജാ: മിസ്റ്റർ പ്രസിഡണ്ടു്, സർ, എന്റെ സ്നേഹിതൻ ബഹുമാന പ്പെട്ട തൃശ്ശിവപേരൂർ ഈഴവമെമ്പർ മിസ്റ്റർ പണിക്കർ അവതരിപ്പിച്ചിട്ടുള്ള ഈ ഖണ്ഡ നോപക്ഷേപത്തെപ്പറ്റി എന്റെ പാർട്ടിയുടെ പ്രതിനിധിയുടെ നിലയിൽ ഞങ്ങളുടെ നില ഒന്നുകൂടി വിശദമാക്കാനാണു് ഈ വാദപ്രതിവാദത്തിൽ ഞാനിടപെടുന്നതു്. അങ്ങിനെ ചെയ്യുമ്പോൾ ഞങ്ങളുടെ നിലയെപ്പറ്റി ഈ ബഹുമാനപ്പെട്ട സഭയുടെ പല വിഭാഗങ്ങളിൽ നിന്നും ഞങ്ങൾക്ക നേരിടേണ്ടിവന്നേക്കാവുന്ന എതിർപ്പുകളേയും ഞങ്ങളിൽ ആരോപിക്കപ്പെ ട്ടേക്കാവുന്ന പല അനർഹമായ ആരോപണങ്ങളേയും അവഗണിച്ചും ഞങ്ങളുടെ ആ നിലയെ പ്പറ്റിയുള്ള അവഗാഢമായ ആലോചനയുടെ ശേഷവുമാണു് ഞങ്ങൾ ആ നില കൈക്കൊണ്ടി രിക്കുന്നതെന്ന വിശദമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, തത്വചികമായി പറയുകയാണെങ്കിൽ യാതൊരാൾക്കും യാതൊരുതരത്തിലുമുള്ള സൌജന്യങ്ങൾ നൽകുന്നതിലും ഞങ്ങളെതിരല്ല. വിശേഷിച്ചും വിദ്യാഭ്യാസസൌജന്യങ്ങൾ നൽകുന്നതിനെ ഞങ്ങൾ എതിർക്കുകയില്ല. സർ, വിദ്യാഭ്യാസമെന്ന പറയുന്നതു വെളിച്ചമാ ണു്. അതു ആത്മാവിന്റെ പ്രകാശനാളമാണെന്നു പറയാം. അജ്ഞതയുടെ അന്ധകാരത്തിൽ കിടന്നു കഷ്ടപ്പെടുന്ന ഒരു മനുഷ്യാത്മാവിനെ അറിവിന്റെ പ്രകാശം പൂണ്ട ദിവ്യലോകത്തി ലേയ്ക്കു ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്ന ആരും ആരോ അയാളും അഭിനന്ദിക്കപ്പെടേണ്ടവനാ ണു്. അതു സൌജന്യമായാൽ അതു നൽകുന്ന ആളെ ഞങ്ങൾ അഭിനന്ദിക്കുകമാത്രമല്ല, അ നുഗ്രഹിക്കുകകൂടി ചെയ്യും.

സർ, പക്ഷെ, ഈ വിദ്യാഭ്യാസ സൌജന്യങ്ങൾ നൽകുന്നതിൽ ഗവൺമെണ്ടു് അനുവ ർത്തിച്ചുവരുന്നതും ഈ ഖണ്ഡനോപക്ഷേപത്തിൽ വ്യക്തമാക്കിയിട്ടുള്ളതുമായ തത്വത്തോടാ ണു് ഞങ്ങൾക്കു എതിർപ്പുള്ളതു്. മിലിറ്ററി സർവ്വീസ്സിൽ പോയിട്ടുള്ളവരുടെ ബന്ധുവാകാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള കൊച്ചി രാജ്യത്തിലെ കൊച്ചുകുട്ടികൾക്കു മാത്രമേ വിദ്യാഭ്യാസസൌ ജന്യത്തിനു അർഹതയുള്ളുവെന്ന തത്വത്തെയാണു് സർ, ഞങ്ങൾ എതിർക്കുന്നതു്. ഈ രാജ്യ ത്തിലെ പൊതുഫണ്ടിൽനിന്നു കൊടുക്കുന്ന വിദ്യാഭ്യാസസൌജന്യത്തെ അർഹിക്കുന്നവരായ അനേകായിരം കൊച്ചുകുട്ടികൾ ഇന്നു കൊച്ചിയിലുണ്ടു്. വെറും സാമ്പത്തികമായി ഗതികെ ട്ടതുകൊണ്ടുമാത്രം, രണ്ടുനേരം വെറും കഞ്ഞിവെള്ളംകൊണ്ടുപോലും, പശിയടക്കാൻ നിവൃ ത്തിയില്ലാത്തതുകൊണ്ടുമാത്രം ഗവൺമെണ്ടു നൽകുന്ന വിദ്യാഭ്യാസസൌകര്യങ്ങളെ ആസ്വദി ക്കാൻ കഴിയാത്ത എത്ര ആയിരം കുട്ടികൾ ഇവിടെയുണ്ടെന്നു ഞാൻ ചോദിക്കുന്നു (ഹിയർ, ഹിയർ) അവരിൽനിന്നു സൌജന്യങ്ങൾക്ക അപേക്ഷകൾ വരുമ്പോൾ പണമില്ലായ്മയുടെ പേരിൽ അതിനു വൈമുഖ്യം കാണിക്കുന്ന ഗവൺമെണ്ടു് മിലിറ്ററി സർവ്വീസ്സിനുപോയിട്ടുള്ള ആളുകളുടെ മക്കളോടേയും പാച്ചുക്കാരുടേയും മേൽ വർഷിക്കുന്നതിന്നായി അവരുടെ സൌജ ന്യങ്ങളെയെല്ലാം കരുതിവെക്കുന്നതിനെയാണു് ഞങ്ങൾ എതിർക്കുന്നതു്. സർ, ഈ ഉപക്ഷേ ത്തിൽ പറയുന്നവർക്ക വിദ്യാഭ്യാസസൌജന്യങ്ങൾ അനുവദിക്കുന്നതിന്റെ ന്യായതയെ തെളിയിക്കുവാൻ സാധാരണ കൊണ്ടുവരാറുള്ള വാദങ്ങൾ ഞങ്ങൾക്കു സുപരിചിതങ്ങളാ

LIBRARY ARCHIVES Kerala Legislative Assembly

ണ്". അതിനെപ്പറ്റി എനിക്കുമുമ്പു പ്രസംഗിച്ച മാന്യമെമ്പർമാർ വിശദീകരിച്ചുകഴിഞ്ഞു. യുദ്ധസേവനത്തിനു പോയിട്ടുള്ളവർ ഒരു മഹത്തായ പൊതുജന സേവനമാണ് നിർവ്വഹിക്കുന്നതെന്നും അതുകൊണ്ട്, രാജ്യസ്നേഹത്തിന്റെ പേരിൽ, കൊച്ചിയുടെ പൊതുനന്മയുടെ പേരിൽ, പ്രജായത്തസിദ്ധാന്തങ്ങളുടെ നിലനില്പിനുവേണ്ടിയാണു് നടത്തപ്പെട്ടുന്നതെന്നു പറയുന്ന ഈ യുദ്ധത്തെ സ്വാതന്ത്ര്യപ്രേമികളായ സർവ്വരും സർവ്വാത്മനാ സഹായിക്കേണ്ടതാണെന്ന വാദത്തിന്റെ പേരിൽ, അവർ രാജ്യത്തിന്റെ എല്ലാ സൌജന്യങ്ങളും അർഹിക്കുന്നുണ്ടെന്നു പറഞ്ഞുവരാവുന്നതാണ്. സർ, ഞങ്ങളീവാദത്തിന്റെ അടിസ്ഥാനത്തെത്തന്നെ നിഷേധിക്കുന്നു. അങ്ങിനെ യുദ്ധസേവനത്തിനു പോയിട്ടു ജർമ്മനിയിലും, ഇറ്റലിയിലും, ബർമ്മയിലും, ആഫ്രിക്കയിലും പൊരുതി സഖ്യകക്ഷികളുടെ മാത്രമല്ല, ശത്രുക്കളുടെപോലും ഉള്ളഴിഞ്ഞ പ്രശംസയാർജ്ജിച്ചിട്ടുള്ള എല്ലാവരെപ്പറ്റിയും, പ്രത്യേകിച്ചു നമ്മുടെ നാട്ടുകാരായ മലയാളികളെപ്പറ്റി, മറ്റാരേയുംപോലെ, ഞങ്ങളും അഭിമാനം കൊള്ളുന്നുണ്ട്. ദിവാൻജിയുടെ ആ മുഖപ്രസംഗത്തിൽ പറഞ്ഞ ലപ്ടനൻറ പരമുവിനെപ്പോലുള്ള പടയാളികൾ, ഏതുരാജ്യത്തിനും ഏതു കാലത്തും ഒരന്തസ്സാണ്. ഇതൊന്നും ഞങ്ങൾ വിസ്മരിക്കുന്നില്ല. പക്ഷെ, ഇതൊന്നുംതന്നെ, ഈ മിലിട്ടറി സർവ്വീസ്സുകാരെല്ലാം, സ്വദേശാഭിമാനത്താൽ പ്രചോദിതരായിട്ടല്ല. വെറും വയറുപിഴപ്പിനു മാത്രമായിട്ടാണ് പട്ടാളത്തിൽ ചേന്നിട്ടുള്ളതെന്ന ഞങ്ങളുടെ വാദം തെറ്റാണെന്നോ, വിപ്ലവത്തിന്റെ ഭാഷയും, പ്രതിലോമകാരിത്വത്തിന്റെ ഹൃദയവുമുള്ള ചിലർ പറയുംപോലെ ഇതു നമ്മുടെ യുദ്ധമാണെന്നോ, നാമെല്ലാവരും ഇതിനെ സഹായിക്കണമെന്ന വാദം ശരിയാണെന്നോ, അല്ല തെളിയിക്കുന്നതു്. ഇതൊന്നുമാത്രമേ തെളിയിക്കുന്നുള്ളു. നമ്മുടെ രാജ്യക്കാക്കു തക്കതായ പ്രോത്സാഹനം കിട്ടുകയാണെങ്കിൽ ഏതു കാര്യത്തിലും മറേതു രാജ്യക്കാരെപ്പോലേയും പ്രശസ്തിനേടാൻ കഴിവുള്ളവരാണെന്നു മാത്രമേ ഇതു തെളിയിക്കുന്നുള്ളു.

പക്ഷെ, ഇന്നത്തെ യുദ്ധത്തെപ്പറ്റി ജനതാമദ്ധ്യത്തിൽ പലവിധത്തിലുള്ള അഭിപ്രായഭിന്നതകളും കാണുന്നതിനാൽ പൊതുഫണ്ടിൽനിന്നു ഇത്തരത്തിൽ സൌജന്യങ്ങൾ കൊടുക്കുന്നതിനേ ഞങ്ങൾക്കു എതുക്കാതെ നിവൃത്തിയില്ല.

സർ, ഇത്തരത്തിൽ പട്ടാളക്കാക്കു സഹായം നൽകണമെന്നുണ്ടായിരുന്നെങ്കിൽ അതിനുവേണ്ടിത്തന്നെ ഗവൺമെണ്ടിനു് ഒരു ഫണ്ടാരംഭിക്കാമായിരുന്നു. ഇതു സുസാദ്ധ്യമാണെന്നുള്ളതിനുതന്നെ ഉദ്ധാഹരണങ്ങളുമുണ്ട്. "എച്ച്". എം. ഐ. എസ്സ്". കൊച്ചിൻ ഫണ്ടു്" മുതലായ പല ഫണ്ടുകളും ഇതിനുമുമ്പു തുടങ്ങിട്ടുണ്ടു്; അതിനുവേണ്ട പ്രോത്സാഹനങ്ങളും കിട്ടീട്ടുണ്ട്. അങ്ങിനെ ഇതിനുവേണ്ടിയും വെറും തുച്ഛസംഖ്യയായ ഒന്നോ രണ്ടോ ലക്ഷം ഉറുപ്പികയുടെ ഒരു ഫണ്ടു തുടങ്ങാൻ പാടില്ലായിരുന്നോ എന്നാണു് ഞാൻ ചോദിക്കുന്നതു്. അങ്ങിനെ ഒന്നും ചെയ്യാതെ പൊതു ഫണ്ടിൽനിന്നു പൊതുതാല്പര്യങ്ങളുടെ പേരിലാണു് ഈ സൌജന്യങ്ങൾ അനുവദിക്കുന്നതെങ്കിൽ ആ പൊതു താല്പര്യങ്ങളുടെ പേരിൽ തന്നെയാണു് ഞങ്ങൾ അതിനെ എതിർക്കുന്നതും. ഇത്രമാത്രമേ എനിക്കു പറയാനുള്ളു.

Mr. K. Balakrishna Menon *(Cheruthuruthi)*: Mr. President, it appears to me that the matter that has to be reckoned with is not what exactly was the reason which provoked our men to go for war service. It remains a fact that they have gone and it may be that a good lot of them may return and some of them surely with mutilated limbs. When they return, in the case of their kith and kin what are they to do? By dragging the principle whether it was right or wrong for them to have joined the War Service, we are only confusing the issue. It is certain that we have to take care of them. My submission therefore is that the issue before the Government is to see whether in the matter of giving the concessions there is any delay and whether that delay is something to be remedied. That is the only point to be considered. In regard to that issue to say that because of this principle we should not vote for this motion is to deny the kith and kin of these poor people the concessions which rightly or wrongly they stand now to get from the Government. I remember the old story of a Karanavan telling the beggar that the Anantharavan who has given him a "No" instead of alms was not right in doing so and himself subsequently doing the same on principle. It is only something like that. It won't be fair if we are now to tell the kith and kin that they are not entitled to these concessions on the principle of supporting a War for which they were not invited in the first instance or for that matter they were not consulted. My friend Mr. Govinda Menon was making a distinction between the persons who have gone to War and those who remain here and who find it difficult to make both ends meet, and my friend was saying that it is only in the former case that he would have objection while in the case of the latter he would have none. I can't find the logic of it. If you

LIBRARY ARCHIVES Kerala Legislative Assembly

once concede the fact that these persons have gone and so long as that fact remains we have necessarily to do something for them. If you say that it is because of their poverty that they have gone for War, if you say that it is only to maintain their stomach, then all the more the reason, why then something should be done for them. Just imagine their condition when they return. In their cases how are they to feed their children? Now the Government are going to give them some concession. When they return will the Prajamandal Party maintain them if the Government do not?

Mr. P. Govinda Menon *(Ernakulam):* What is the distinction here?

Mr. K. Balakrishna Menon *(Cheruthuruthi):* The distinction in the case of the poor people is this that they are living here and they have got their limbs all in tact. It may be that the people going to War may have to return with mutilated limbs.

Mr. P. Govinda Menon *(Ernakulam):* This is not for wounded persons alone. For everyone who has gone.

Mr. K. Balakrishna Menon *(Cheruthuruthi):* What is the guarantee that when they return they will return intact unless you expect them to fight like Falstaff. One would expect that a person going for War Service is taking a risk. Therefore, it is only logical that Government should make due provision for their kith and kin. To deny them these concessions is not fair. Therefore, I content that so far as these persons who have gone are concerned there is the chance of taking the risk. Government must necessarily give them some concession and if there is any delay in the matter of giving concessions I pray that this House may be pleased to see that that delay is avoided.

മിസ്റ്റർ പി. എം. മായൻകുട്ടി: സർ, എനിക്ക ഇതിൽ രണ്ടുവാക്ക പറയേണ്ടതുണ്ട്. അതായത നമ്മൾ അറിയാതെയാണ യുദ്ധത്തിൽ പോയി പെട്ടതെന്ന പ്രിൻസിപ്പിൾ വെച്ചാണ് ഇപ്പോൾ ആകപ്പാടെ ഈ കഴപ്പത്തിനകാരണം. ഒരു ദിവസം പ്രഭാതത്തിൽ നമ്മൾ അറിയാതെപോയി യുദ്ധത്തിൽപെട്ട. അതു ശരിയാണ്. പക്ഷെ ഒരു കാര്യമുണ്ട്. വേവൽ പദ്ധതി വിജയകരമായിരുന്നെങ്കിൽ—അതിൽ പങ്കെടുത്ത എല്ലാ കക്ഷികളും യുദ്ധത്തെ സഹായിക്കണമെന്നുള്ള വ്യവസ്ഥയിലാണ പങ്കെടുത്തതു—ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് അന്ന എന്തുചെയ്യുമായിരുന്നു? അങ്ങിനെ വിജയം പ്രാപിച്ചിരുന്നെങ്കിൽ അപ്പോൾ "ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വാർഫ്രണ്ട്"" എന്ന പേരിലോ മറേറാ ഒരു സമരനിരതുപീകരിച്ചിരുന്നെങ്കിൽ ഇന്നത്തെ ഈ പൊരുപ്പക്കാർ ജപ്പാനോട് യുദ്ധത്തിനു പോകുകയില്ലായിരുന്നോ എന്നാണ ഞാൻ ചോദിക്കുന്നതു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അതുകൊണ്ട എന്തുവേണം?

മിസ്റ്റർ പി. എം മായൻകുട്ടി: അതുകൊണ്ട അന്ന തുടങ്ങുമായിരുന്ന യുദ്ധം ഇപ്പോഴുള്ള യുദ്ധത്തിനെതന്നെ തുടന്നുപോകുന്ന ഒന്നാകുമായിരുന്നുവെന്നുള്ളതുതന്നെ. അങ്ങിനെ അല്ലാതെ അന്നുള്ള പട്ടാളക്കാരെ ഒക്കെ മടക്കിവിളിച്ചു രണ്ടാമതൊരു പട്ടാളത്തെ തുപീകരിച്ചിട്ടാണൊ അന്ന യുദ്ധത്തിനു പോകുക; ഇപ്പോൾ ലണ്ടനിൽ ഒരു തൊഴിലാളി ഗവമെണ്ട വന്നിട്ടുണ്ട്. ഇനിയും വേണമെങ്കിൽ ഒരൊത്തു തീപ്പിനു വഴിയില്ലാതെയില്ല. അങ്ങിനെ വന്നാൽ അതു സ്വീകരിക്കുകയാണെങ്കിൽ ഈ യുദ്ധത്തെ സഹായിക്കാതിരിക്കുമോ എന്നു ഞാൻ പ്രജാമണ്ഡലക്കാരോട ചോദിക്കുന്നു. ഇത്രമാത്രമേ എനിക്ക പറയാനുള്ളു. ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മിസ്റ്റർ കെ കൊച്ചുകുട്ടൻ: സർ, ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. ഈ വാദപ്രതിവാദത്തിൽ ഈ ഇനത്തിൽ ചിലവാക്കുന്നതുകയിൽ നിന്നു കുറെക്കൂടി അധഃകൃത വകുപ്പിനു അനുവദിച്ചുകൊടുക്കാമായിരുന്നുവെന്നു പ്രജാമണ്ഡലം പാർട്ടിയിൽനിന്നു പറയുകയുണ്ടായി. അവരുടെ മഹാമനസ്കതയ്ക്കു സമുദായത്തിന്റെ പേരിൽ ഞാൻ നന്ദിപറയുന്നു. ഇനിയും പലകാര്യങ്ങളിലും അവരുടെ സഹായം ഞങ്ങൾക്കുണ്ടായിരിക്കണമെന്നു അവരോട അപേക്ഷിക്കുകയും ചെയ്യുന്നു.

എന്നാൽ ഈ ബഡ്ജറിനെ നിരുപണം ചെയ്തുകൊണ്ട, ഓരോ സപ്ലിമെണ്ടറിലേയ്ക്കും അനുവദിച്ചിട്ടുള്ള തുകകളം കുറഞ്ഞുപോയി; കൂടുതൽ വേണമെന്ന വാദപ്രതിവാദം നടന്ന അവസരത്തിൽ അധഃകൃതക്ക വിദ്യാഭ്യാസത്തിന്നായി നീക്കിവെച്ചിട്ടുള്ള തുക കുറഞ്ഞുപോയി; അവക്ക കൂടുതൽ കൊടുക്കേണ്ടതാണെന്നു അതും അഭിപ്രായം പറഞ്ഞുകേട്ടില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ആ ആക്ഷേപം കാണിക്കാൻ ഒരുപക്ഷേപം ഈ പറയുന്ന മെമ്പർതന്നെ എന്തുകൊണ്ടിവിടെ കൊണ്ടുവന്നില്ല?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ആ ഉപക്ഷേപം ഇവിടെ ആവശ്യമില്ല എന്നു മാത്രമാണ് ഞാൻ പറയുന്നതു്. അധഃകൃതർക്കു കൂടുതൽ തുക നീക്കിവെയ്ക്കാമായിരുന്നു വെന്നു് ആരും ഇവിടെ പറഞ്ഞിട്ടില്ലെന്നുള്ളതാണു് ഞാൻ വ്യക്തമാക്കുന്നതു്.

ഏതായാലും ഇപ്പോൾ അതിനെകുറിച്ചു ഞാൻ പറയുന്നില്ല ഇപ്പോൾ യുദ്ധസേവനത്തിനു പോയിട്ടുള്ളവരുടെ സൌജന്യവിദ്യാഭ്യാസത്തിനായി കുറെ തുക അനുവദിച്ചിട്ടുണ്ടു്. ഇതു നമ്മൾ കൊടുക്കണം. അനുവദിച്ചിട്ടുള്ള തുക കൊടുക്കയില്ലെന്നു ഇപ്പോൾ പറയുന്നതു ശരിയല്ല. വയറിനു വേണ്ടിമാത്രമായിരിക്കാം ആളുകൾ യുദ്ധത്തിനു പോയിട്ടുള്ളതു്. എന്നാൽ അതിലുമുപരിയായ ഒരു ഉദ്ദേശത്തിനായി ഇവിടെ ജപ്പാൻകാർ കയറി. ഇന്ത്യയെ അന്യന്മാർ കൊണ്ടുപോകരുതെന്ന ഉദ്ദേശത്തോടുകൂടി, പോയിരിക്കുന്ന ആളുകളാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്ത്യ ആരുടെ രാജ്യമാണു്? ആരാണു അന്യന്മാർ?

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇന്നു ഇപ്പോൾ ഇംഗ്ലീഷുകാർ കൈവശം വെച്ചുകൊണ്ടിരിക്കുന്നമാതിരി ഇനി വേറൊരു കൂട്ടർ കൈവശം വെച്ചുകൊണ്ടിരിക്കരുതെന്ന ഉദ്ദേശത്തോടുകൂടി.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: എന്നും ഇങ്ങിനെ അന്യന്മാർ വെച്ചുകൊണ്ടിരുന്നാൽ മതിയൊ?

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈയജമാനൻ മാറി മറെറാരു യജമാനനെ വെച്ചുകൊണ്ടിരുന്നാൽ പോരാ. ഒരു പക്ഷെ സായ്പ് ഇവിടെനിന്നു മാറിയാൽ ഇനി കുറെ ബിർളാമാർ ഇവിടെ വരുമായിരിക്കാം. അങ്ങിനെ വന്നാൽ അതുകൊണ്ടു എന്തെങ്കിലും ഗുണമുണ്ടാകുമെന്നു വിശ്വസിക്കുന്ന ആളല്ല ഞാൻ.

ഏതായാലും ഈ പാവപ്പെട്ടവരുടെ കുട്ടികൾക്കു് അനുവദിച്ചുകൊടുത്തിട്ടുള്ള തുക അവക്കു വേഗം കൊടുത്തു അവരെ സഹായിക്കണമെന്നാണു എനിക്കിപ്പോൾ പറയാനുള്ളതു്.

* മിസ്റ്റർ ടി. കെ. നായർ: സർ, ഇന്ത്യാഗവർമ്മേണ്ടു യുദ്ധത്തിൽ ചേർന്നതോ അതല്ല ചേർത്തതോ ഏതാണു എന്ന ആ ഹിമാലയൻ വാദത്തിൽ പങ്കെടുക്കാനല്ല, എനിക്കു വലിയൊരു സംശയം വന്നിട്ടുണ്ടു്, അതൊന്നു ചോദിച്ചു മനസ്സിലാക്കാൻ വേണ്ടി മാത്രമാണു ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നതു്.

ഇവിടെ ഈ ഉപക്ഷേപത്തിൽ കണ്ടതു ഇവിടെ കൊടുക്കാൻ തീരുമാനിച്ചിട്ടുള്ള വിദ്യുച്ഛക്തി സൌജന്യം കൊടുക്കുന്നതിനു കാലതാമസം വരുന്നു. അതു ഉടനെതന്നെ കൊടുക്കണം എന്നാണു്. ഇതു വാദപ്രതിവാദം കഴിഞ്ഞു വോട്ടിനിടുന്ന അവസരത്തിൽ പ്രജാമണ്ഡലം കക്ഷിയുടെ വാദത്തിനു അനുസരിച്ചു എതിർത്തുതന്നെ വോട്ടുചെയ്യുക ആണെങ്കിൽ, യാതൊരു തരത്തിലുമുള്ള Delay ഇല്ല; ഗവർമ്മെൻറു ഇതുവരെ ചെയ്തതൊക്കെ ശരി; അതുകൊണ്ടുതന്നെ ഈ സൌജന്യം ഇന്നു കൊടുക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള രൂപം ശരിയാണെന്നാണവരിക.

Rao Sahib I. N. Menon *(Director of Public Instruction)*: Yes, that is so. Government are prepared to convince the House that it is so.

മിസ്റ്റർ ടി. കെ. നായർ: ഞാൻ എൻറെവിഷമം പറയുമ്പോൾ ഗവർമ്മെണ്ടിൻറെ കായ്ം ഇതിലേയ്ക്കു വലിച്ചിടരുതു്. ഇപ്പോൾ വോട്ടിൻറെ കാര്യത്തിൽ, വോട്ടുചെയ്യണോ എന്നകാര്യത്തിൽ ഇത്തരം വലിയ തലയിൽ കയറാതെയിരിക്കുന്ന എന്നെപോലെയുള്ളവരുടെ നിലയാണു കഷ്ടമായിരിക്കുന്നതു്.

Mr. P. Govinda Menon *(Ernakulam)*: That is the pity.

മിസ്റ്റർ ടി. കെ. നായർ: പക്ഷെ, ഇത്തരം തലയുള്ളവർ, ബുദ്ധിമാന്മാർ ജപ്പാൻ യുദ്ധം കഴിഞ്ഞിട്ടു ഇങ്ങോട്ടുവന്നില്ലല്ലോ? എന്നാണു ഞാൻ വിചാരിക്കുന്നതു്. ഹിറ്റ്ലറെകൊന്നു; ഇനി ജപ്പാനേയും കൊല്ലും. ഒരുകാര്യം പറയാം. മരമണ്ടനായ എനിക്കു ഇന്ത്യാരാജ്യം യുദ്ധത്തിൽചേർന്നതു നല്ലതാണോ അതോടുകൂടി കൊച്ചിരാജ്യം യുദ്ധത്തിൽ ചേർന്നതു നല്ലതാണോ എന്നൊന്നും ആലോചിക്കാൻ തോന്നിയില്ല. പത്തുപതിനേഴുകൊല്ലത്തെ ഈ നിയമസഭയിലെ പരിചയംകൊണ്ടു ഈ ഉപക്ഷേപം വരുമ്പോൾ അതു ഏതുതരത്തിൽപെരുമാറണമെന്നു ഒരു നാടൻ രീതിയിൽ മനസ്സിലാക്കിട്ടുണ്ടു്. എങ്ങിനെയാണു് വോട്ടുചെയ്യേണ്ടതെന്നും മനസ്സിലാക്കീട്ടുണ്ടു്. ഇപ്പോൾ ഞാൻ മനസ്സിലാക്കാൻ പോകുന്നതു ഗവർമ്മെണ്ടിനു സ്വപ്നത്തിൽപോലും കാണാൻ കഴിയാത്തകാര്യം, അതായതു, പ്രജാമണ്ഡലം പാർട്ടി ഗവർമ്മെൻറിനെ അനുകൂലിച്ചു വോട്ടുചെയ്യുക എന്നതു ഇവിടെ കാണാൻ സാധിക്ക

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ്". അങ്ങിനെ ഗവർമ്മെൻറിനു ഒരു സൌജന്യം കിട്ടുന്നതാണ്". ഈ ഘട്ടത്തിൽ ഞാനാണ വിഷമത്തിലായിരിക്കുന്നതു". ഏതായാലും ഗവർമ്മെണ്ടിൻെറ മറുപടികേട്ടിട്ടു ഗവർമ്മെണ്ടിൻെറ കയ്യിൽ വല്ല തെറ്റുമുണ്ടെന്നു തോന്നുന്ന പക്ഷം ഞാൻ മി. പണിക്കർക്കു" അനുകൂലമായി വോട്ടുചെയ്യാം. അല്ല ഗവർമ്മെൻറിൻെറ ഭാഗത്തു കുറ്റമൊന്നുമില്ലെന്നു കാണുന്നപക്ഷം ഗവർമ്മെണ്ടിൻെറ ഭാഗത്തു വോട്ടുചെയ്യാമെന്നാണു ഞാൻ ഉദ്ദേശിക്കുന്നതു".

Rao Sahib I. N. Menon *(Director of Public Instruction)*: Sir, when I found this cut motion I had not the slightest intention of strain from the main object for which this appears to have been tabled. But unfortunately extraneous matters have to be discussed in connection with the cut motion. I, therefore, think it is necessary as far as the Government are concerned to make their position clear even in respect of certain other matters which have come to be discussed here. I do not propose to take up the time of the House by an elaborate defence of the attitude taken by this Government and by all other civilised Governments in respect of their participation in the war against aggression. Some of my friends from the Prajamandal Party who opposed this cut I am afraid.....

Mr. President: I must ask the Hon'ble Member to confine himself to the subject of the cut motion. He need not follow Hon'ble Members who rather wandered from the issue.

Rao Sahib I. N. Menon *(Director of Public Instruction)*: Certain allegations were levelled against Government.

Mr. President: I would suggest that the Hon'ble Member would do well to confine himself to the defence of the action of the Government in this matter.

Rao Sahib I. N. Menon *(Director of Public Instruction)*: The point of the cut motion is, Sir, that there is something wrong with the system at present that is followed in the matter of disbursement of concessions meant for the children and dependents of the military personnel and what is wrong is that this procedure leads to inordinate delay. All that I wish to say to convince the House is that this is the result of partial knowledge is to lay before you the procedure which we follow in the matter of ascertaining and paying these concessions. Applications for these concessions come to us from the several applicants through the Officer Commanding the Company and the form of application requires certain detaild information on a number of items. As soon as these applications are received by this Government with the recommendations of the Officer Commanding the information given in certain columns are verified by reference to the revenue authorities. This is rendered necessary because these concession are tenable to children of all employees and one to dependent, brother, sister, step-brother, or step-sister in the case of bachelors and in case married employees to children, in the case of those whose wives did not take advantage of these concessions and in case of prisioners of war to children and one dependent. We have to find out also the exact income from other sources. It was said that at times we are giving it to people who are well-off. We have to satisfy ourselves on all these points. We have first to ascertain whether these employees whose applications are forwarded by the Officer Commanding are subjects of this State. We have to ascertain whether the persons referred to in the applications are their sons or other dependents as laid down by the rules and similarly we have also to find out whether these students are studying in the State schools. All this take time time. Sometimes as it unfortunately happens, these applications come without all the necessary details and what we have to do is to return these applications to the Officer Commanding and request for fresh forms or this form suitably filled in. This action takes time. The number of such applications we have to return is by no means small.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)*: Do you send printed forms?

Rao Sahib I. N. Menon *(Director of Public Instruction)*: Oh, yes.

Uufortunately you cannot expect a soldier to be always ready with these forms. He is otherwise occupied and it is only natural. The form has to be returned to us again with the necessary detailed information and no delay happpens in any of the Government Department with regard to the actual disbursement of these military concessions. Unfortunately the man probably is in some front. The Officer Commanding takes time to forward it and we have to ascertain all these details and this necessarily takes time.

I can assure the Hon'ble Members of this House that there is no such thing as inordinate delay, there is no such thing as avoidable delay that happens in any of the department of the Government in either ascertaining the truthfulness of these statements contained in these applications and in the actual disbursement of these concessions to which these students are allowed. That is the position of the Government. The Government would certainly welcome the

LIBRARY ARCHIVES Kerala Legislative Assembly

suggestions from any quarters by means of which if there is any delay involved can be avoided. I am not prepared to concede that it is even delay. I have explained how it is time to satisfy ourselves on all the detailed information which we require and in the light of this alone we can actually assess and disburse the concessions which are due to the children. That is the suggestion which I wish to explain.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, എന്റെ ഈ ഖണ്ഡനോപക്ഷേപത്തിന്റെ രത്നച്ചുരുക്കം പട്ടാളസേവനത്തിനു പോയിട്ടുള്ളവരുടെ ആശ്രിതർക്കു വിദ്യാഭ്യാസാനുകൂല്യങ്ങൾ കഴിയുന്നതു വേഗത്തിൽ കൊടുക്കണം എന്നു ഗവർമ്മെണ്ടിനെ മനസ്സിലാക്കാനാണു്. ദേശീയ സമരനിരയെ കുറിച്ചോ മഹായുദ്ധത്തെ കുറിച്ചോ യാതൊന്നും പ്രസ്താവിക്കണമെന്നു എനിക്കുദ്ദേശമില്ല. ഇൻഡ്യ ഇന്നും ഇന്നലേയും ഭാരതീയരുടെ കയ്യിൽനിന്നു വിട്ടുപോയിട്ടുള്ളതല്ല. ഭാരതത്തിന്റെ സ്വാതന്ത്ര്യസ്ഥാപനത്തിനുവേണ്ടി ഒരു ഇംഗ്ലീഷുകാരനാൽ സ്ഥാപിതമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ, അതു ഒരാംഗ്ലേയനാലുണ്ടാക്കിയതാണെന്ന കാരണത്താൽ അതിൽ ഇന്ത്യാക്കാരാരും അംഗങ്ങളാകാതെയിരിക്കുന്നതിനുവേണ്ടി അന്നു ഇന്ത്യൻ നേതാക്കന്മാർ പരിശ്രമിച്ചിരുന്നുവെന്നുള്ളതു വ്യക്തമായിരുന്നു. അന്നത്തെ ആ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അനുയായികളാണെന്നു സ്വയമഭിമാനിച്ചു കൊണ്ടിരിക്കുന്ന പ്രജാമണ്ഡലം പാർട്ടിയെപോലെതന്നെ, അതിന്റെ മറ്റൊരു പതിപ്പാണെന്നു പറഞ്ഞിരുന്ന കൊച്ചിൻ കോൺഗ്രസ്സിനെ ഇന്നാക്ഷേപിച്ചുകൊണ്ടിരിക്കുന്ന—കൊച്ചിൻ കോൺഗ്രസ്സിലെ അംഗങ്ങളുംപ്പെടെയുള്ള—പ്രജാമണ്ഡലം പാർട്ടി എന്റെ ഈ ഉപക്ഷേപത്തെ എതുത്തതിൽ എനിക്കു അത്ഭുതമില്ല. സൂര്യനൊടുങ്ങാത്ത ബ്രിട്ടീഷ് സാമ്രാജ്യസിംഹത്തിനെ—ഒരൊറ്റ ഗർജ്ജനംകൊണ്ടു് ലോകമൊട്ടാകെ ഭയപ്പെടുത്തുന്ന ആ മഹാസിംഹത്തിനെ—അതിന്റെ കഞ്ചിരോമത്തിനു പിടിച്ചു കിടുകിടാ വിറപ്പിച്ച മഹാത്മഗാന്ധിപോലും ജാതിയുടെ പേരിൽ, മതത്തിന്റെ പേരിൽ യുദ്ധത്തിനു, വിജയമാശംസിച്ചിട്ടുണ്ടു്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാക്കന്മാർ യുദ്ധത്തെ സഹായിക്കാമെന്നുള്ള വാഗ്ദാനത്തിൽ എക്സിക്യൂട്ടീവു കൌൺസിൽ മെമ്പറന്മാരാകാൻ ഓടിനടന്നതും വിസ്മരിക്കുവാൻ പാടുള്ളതല്ല. അങ്ങിനെയുള്ള കോൺഗ്രസ്സിന്റെ സന്താനങ്ങളുടെ സന്താനങ്ങളുടെ സന്താനങ്ങളാണെന്നു സ്വയമഭിമാനിക്കുന്ന പ്രജാമണ്ഡലം പാർട്ടി—കൊച്ചിരാജ്യത്തിൽ പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധമാക്കണമെന്ന പ്രമേയം ഈ കൊച്ചിനിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയ അവസരത്തിൽ, കൊച്ചി നിയമസഭയുടെ കാലാവധി നീട്ടികിട്ടണമെന്ന അപേക്ഷ കൊടുത്തു ബ്ലേഡും മറവും സമ്മാനം മേടിച്ചു തുള്ളുകയുംകൂടി അംഗങ്ങളായിരിക്കുന്ന ഈ പ്രജാമണ്ഡലം....

Mr. President: The Hon'ble Member will kindly conclude his remarks?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: യുദ്ധത്തിനു പോയിട്ടുള്ളവർ വെറും തെരുവുതെണ്ടികളാണെന്നൊക്കെ പറയുന്നുവെങ്കിൽ, ആ തെണ്ടികളുടെ കുട്ടികൾക്കു വിദ്യാഭ്യാസ സൌജന്യം കൊടുക്കണമെന്നു പറയുന്നതിനെ മറ്റൊരാളോ സാങ്കേതിക കാരണത്തിന്മേൽ എതുക്കണമെന്നു പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല.

യുദ്ധത്തിനു പോയിട്ടുള്ളവർ വഴിതെണ്ടികൾമാത്രമാണെന്നു പറയുന്നതിനോടു വടക്കാഞ്ചേരി മെമ്പർ യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. കാരണം അദ്ദേഹത്തിന്റെ മകനും ഇതേ യുദ്ധസേവനത്തിനുതന്നെ പോയിട്ടുണ്ടു്. മറ്റാഞ്ചേരി മെമ്പറായ ധാരാസിംഗാണു് പാർട്ടിയുടെ പേരിൽ ഇതിനെ എതുത്തതു്. അങ്ങിനെയുള്ള കൊച്ചിക്കാരാണു് എതോ ഒരു എയറോപ്ലൻ എവിടെയോക്കുടി പോയെന്നു ആരോ പറഞ്ഞുകേട്ടപ്പോൾ അവിടെ നിന്നോടി തൃശ്ശിവപേരൂർ പോയി അഭയം പ്രാപിച്ചതു്.

ജപ്പാന്റെ ബോംബുകൾ ഇൻഡ്യയിൽ വീണിട്ടും ഇനിയും ഇന്ത്യയുടെ യുദ്ധമായിട്ടില്ലപോലും. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെകൂടെ, കമ്പി മുറിക്കാനും പാലം പൊളിക്കാനും പോസ്റ്റാഫീസ്സു് തകർക്കാനും തീവണ്ടി മറിക്കാനും മറവു അവരുടെകൂടെ ചേരാതെ യുദ്ധസേവനത്തിനു പോയി എന്നുള്ളതാണോ ഈ സാധുക്കളുടെ മേലുള്ള കുറ്റം? ഭാരതത്തിന്റെ സ്വാതന്ത്ര്യം കരഗതമാക്കാൻ അധിക കാലതാമസം ഇല്ലെന്നിരിക്കെ അങ്ങിനെ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്ന അവസരത്തിൽ ഇന്ത്യയ്ക്കു ഒരു സൈന്യം ആവശ്യമാണെന്നിരിക്കെ, അങ്ങിനെ ഒരു സൈന്യം രൂപീകരിക്കുന്നതിനു ഇന്നത്തെ ഈ പട്ടാളസേവനം ഏറ്റവും ഉപ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

കരപ്രദമാണെന്ന പരമാർത്ഥസ്ഥിതി മറച്ചുവെച്ചു കാപട്യം പറഞ്ഞു കാണിക്കാതെയിരിക്കാൻ കനത്ത വസ്തുക്കൊണ്ടു പുറംമൂടിയിരിക്കുന്ന എന്റെ സ്നേഹിതന്മാർ ഓർത്താൽ കൊള്ളാം.

ഗവണ്മെണ്ടിന്റെ മറപടികൊണ്ടു് തൃപ്തികരമാണെങ്കിലും പ്രജാജണ്ഡലം പാർട്ടി ഇതിനെ എതുക്കുന്നതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം വോട്ടിനിടുന്നു.

Mr. President : I think the "noes" have it.

Mr. K. S. Panicker *(Trichur-Ezhuvas):* Poll, Sir.

Ayes

1. Mrs. T. Francis
2. Miss. Annie Joseph
3. Mrs. K. Dhakshayani Velayudhan
4. Mr. K. R. Ramakrishnan
5. ,, P. Narayana Menon
6. ,, T. K. Nayar
7. Rao Sahib K. Ayyappan
8. Mr. K. Balakrishna Menon
9. ,, K. S. Panicker
10. ,, K. T. Achyutan
11. ,, P. M. Mayankutty
12. ,, Jos K. Verghese
13. ,, P. A. Mohamad Ashrof
14. Mr. T. K. L. Kunjuvareed
15. ,, Joseph C. Chirayath
16. ,, K. I. Velayudhan
17. ,, P. V. Sebastain
18. ,, M. O. Thomakutty
19. ,, Paramel Ipe Ipe
20. ,, M. K. Verghese
21. ,, S. S. Koder
22. Dr. S. S. Rao
23. Mr. K. K. Kannan
24. ,, P. K. Dewer
25. ,, K. Kochukuttan
26. ,, K. A. Raghavan

Noes

1. Mr. P. Govinda Menon
2. ,, V. R. Krishnan Ezhuthassan
3. ,, P. Achyuta Menon
4. ,, P. T. Jacob
5. ,, C. S. Panicker
6. ,, P. K. Paul
7. ,, P. Sankara Menon
8. ,, M. K. Raja
9. ,, M. I. Paul
10. ,, P. Kumaran Ezhuthassan
11. ,, G. S. Dhara Singh
12. ,, P. Mani
13. Mr. A. Eachara Menon
14. ,, P. E. Warne.
15. ,, P. V. Raphael
16. Rao Sahib I. N. Menon
17. Mr. A. Madhava Prabhu
18. ,, B. V. K. Menon
19. ,, M. Sivarama Menon
20. ,, K. S. Raghavan
21. ,, C. J. Mathew
22. ,, S. Venkiteswaran
23. Rao Sahib M. M. Paul

The motion is carried by 26 votes to 23

Mr. President: Before Hon'ble Members go, I should like to say that I have received a representation which apparently is supported from all quarters of the House that opportunity should be given for discussion of the demand for Matches, Vegetable Products, etc., and suggesting that this demand be taken immediately after the demand under Forests. If that is the wish of all Hon'ble Members I have no obejection to re-arrange the Agenda accordingly.

The House rose for lunch at 1-40 p.m. and re-assembled at 2-40 p.m., with the Panel Chairman, Mr. A. Eachara Menon, in the Chair

CUT MOTION No. 36

Supply of books, stationery, etc., to D. C. students

Mr. K. Kochukuttan *(Nominated):* I rise to move to reduce the allotment of Rs. 1,16,982 for Direction and Inspection in Demand No. 21—1 by Re. 1.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : സർ, അധഃകൃത വിദ്യാർത്ഥികൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും അനുവദിച്ചുകൊടുക്കുന്ന പുസ്തകം, സ്ലേക്കുനറി, സ്റ്റൈപ്പൻറ് മുതലായവ തികച്ചും അവർക്ക് ചില സ്കൂളുകളിൽനിന്നു കിട്ടുന്നില്ലെന്നുള്ള ആവലാതി അടുക്കാലം മുതൽക്കു തന്നെ ഈ നിയമസഭവഴിയും, അല്ലാതേയും ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിട്ടുണ്ട്. എന്നാൽ ഇന്നും ആ സംഗതി തുടർന്നുകൊണ്ടുതന്നെയാണിരിക്കുന്നതു്. ഇതിനു് ഒരു പൂർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

വീരാമമിടാൻ ഇതുവരെയും ആക്കും സാധിച്ചിട്ടില്ല. പാവപ്പെട്ട അധഃകൃതക്ക് കൊടുക്കുന്ന ഈ മാതിരി വേതനങ്ങളും ആരെങ്കിലും കവന്നെടുക്കുന്നുണ്ടെങ്കിൽ അത് പിച്ചപാത്രത്തിൽ നിന്ന് കയ്യിട്ട വാരുന്നതുപോലെയാണ്. ഇതുയും ലജ്ജാവഹമായ ഈ പ്രവൃത്തി ഇനിയും ആരെങ്കിലും തുടരുന്നുണ്ടെങ്കിൽ ഗവർമ്മെണ്ട് അവരുടെമേൽ ശക്തിയായ നടപടി എടുക്കേണ്ടതായിട്ടുണ്ട്. അതിന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ആരാണെന്ന് എനിക്ക തികച്ചും പറയുവാൻ സാദ്ധ്യമല്ല. സംരക്ഷണ ഡിപ്പാർട്ട്മെണ്ടിൽനിന്നും ഇത് അന്വേഷിക്കേണ്ടതായിട്ടുണ്ട്. ഇതു് അവരുടെ മാത്രം ചുമതലയാണെന്ന് എനിക്ക പറയുവാൻ കഴിയുകയില്ല. വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ടുകാരും അതു അന്വേഷിക്കേണ്ടതായിട്ടുണ്ട്. ഈ രണ്ടു ഡിപ്പാർട്ട്മെണ്ടുകളും ഒരുമിച്ചുചേർന്ന കർശനമായ നടപടി ഈവക കാര്യങ്ങളിൽ എടുക്കുകയാണെങ്കിൽ ഇത് ഇനിയും തുടർന്നു പോവുകയില്ല. എന്നാൽ നിർഭാഗ്യവശാൽ അധഃകൃത ഡിപ്പാർട്ട്മെണ്ടിൽനിന്നും ഈവക കാര്യങ്ങൾ ചൂണ്ടികാണിക്കുമ്പോൾ സാധാരണ കണ്ടു വരുന്നതു്, വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ടു് ആ ഡിപ്പാർട്ട്മെണ്ടിലെ സ്റ്റാഫ് അധിഃകൃതന്മാരുടെ ഈ കുറ്റത്തെ ഇട്ടുമൂടി കളയുന്നതായിട്ടാണ്. ഈ മാതിരി ഒരു നയമാണ് ഗവർമ്മെണ്ട് സ്വീകരിക്കുന്നതെങ്കിൽ ഇതു തുടർന്നുപോകാതെ ഗത്യന്തരമില്ല. കഴിവും, സ്വാധീനശക്തിയുമില്ലാത്ത പാവപ്പെട്ട അധഃകൃതരുടെ കാര്യം ഗവർമ്മെണ്ടിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാർ മിനക്കെട്ടും നോക്കേണ്ടതാണെന്നുള്ളതിന്ന് പക്ഷാന്തരമില്ല. ഇതിന്ന് പല ഉദാഹരണങ്ങളുണ്ടെങ്കിലും അതെല്ലാം ഞാൻ ഈ സഭയുടെ ദൃഷ്ടിയിൽ പെടുത്തണമെന്ന ഇപ്പോൾ വിചാരിക്കുന്നില്ല. എന്നാൽ ഒരു കാര്യംമാത്രം ഞാൻ പറയാം. ഈ അടുത്തനാൾ പഴഞ്ഞി C. M. E. സ്കൂളിൽനിന്ന് അധഃകൃത കുട്ടികൾക്ക് കൊടുക്കുവാനുള്ള പുസ്തകം, സ്റ്റേഷനറി, സ്ലേറ്റുപെൻസിൽ മുതലായവ വളരെയെല്ലാം സ്റ്റാഫ് അധിഃകൃതർ അപഹരിച്ചിട്ടുള്ളതായിട്ടാണ് അറിവു്. ഈ സംഗതി അന്വേഷിക്കുവാൻ ചുമതലപ്പെട്ട ഇൻസ്പക്ടർ അധഃകൃത സംരക്ഷകൻവഴി വിദ്യാഭ്യാസ ഡയറക്ടറേയും അറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിൽനിന്നും നടത്തിയ അന്വേഷണം എത്രകണ്ടു ഉചിതമായിട്ടുണ്ടെന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. കാരണം അവർ വേണ്ടത്ര അന്വേഷണം നടത്തീട്ടുണ്ടോയെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. എതായാലും ഒരു കാര്യം ഞാൻ പറയാം. ഇതെവരെ കൊച്ചിരാജ്യചരിത്രത്തിൽ ഉണ്ടാകാത്ത ഒരു സംഭവം അവിടെയുണ്ടായി. കൺട്രോളർ ഡിപ്പാർട്ടുമെണ്ടിൽനിന്നും അവിടത്തെ കണക്കുകളെല്ലാം പരിശോധിച്ചു. എയിഡഡ് സ്കൂളുകളിലെ കണക്കുകളും പരിശോധിക്കുകയെന്നുള്ളതു് ഇതുവരെയും ഉണ്ടാകാത്ത ഒരു സംഭവമാണെന്നാണ് ധരിക്കുന്നതു്. ഇങ്ങിനെ പരിശോധിച്ചതിന്റെ ഫലമായി അവർക്ക് അപഹരണത്തെ കുറിച്ചു് വളരെയെല്ലാം ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയതു്. എന്നാൽ അവസാനം അതെ നിലയിലല്ലാ വന്നതു്. ഇതിന്ന് അവസാനമായി കല്പന പുറപ്പെടുവിച്ച ആളം ആരായാലും ശരി, എന്റെ അറിവിൽ പെട്ടിടത്തോളം കല്പനയിൽ കാണുന്നത് "There is no conclusive proof either to realise the amount from the Head Master or from the Manager" എതാണ്ടു് ഇങ്ങിനെയാണ്. ഇത് അതിലെ ശരിയായ വാചകമല്ല. ഇങ്ങിനെയൊരു കല്പനയാണ് ഗവർമ്മെണ്ടിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ളതു്. വാസ്തവത്തിൽ ബഹുമാനപ്പെട്ട ഫിനാൻസ്സു മെമ്പർക്കുപോലും സംശയം തോന്നുന്ന മാതിരി അവിടത്തെ ഹെഡ്മാസ്റ്റർ ചില അപഹരണമെല്ലാം നടത്തീട്ടുണ്ടെന്നു് പറയുമ്പോൾ ഈ മാതിരിയുള്ള കല്പന പുറപ്പെടുവിക്കാനിടയാകുന്നതുകൊണ്ടുമാത്രം നീതിയുടെ മുമ്പിൽ ന്യായസ്ഥനാകുവാൻ സാധിക്കുന്നതല്ല. കുട്ടികൾക്കായിട്ട് കൊടുത്തിട്ടുള്ള പുസ്തകങ്ങൾ ഹെഡ്മാസ്റ്ററോ, മാനേജരോ, ആരോയെന്നറിവില്ല, അവിടെയുള്ള കച്ചവടക്കാർക്ക് വില്ക്കുകയും വിറ്റതു കഴിച്ചു ബാക്കി അവിടെ കണ്ടതായ പുസ്തകങ്ങൾ ഡെപ്യൂട്ടി ഇൻസ്പക്ടരും സംരക്ഷകനുംകൂടി കാണുകയുണ്ടായിട്ടുണ്ട്. എന്നുമാത്രമല്ലാ കുട്ടികൾക്ക് കൊടുക്കാനുള്ള സ്റ്റൈഫൻറ് പോലും കൊടുത്തിട്ടില്ല. ഏതാണ്ടു മാസംമുമ്പ് അവിടത്തെ ഹെഡ്മാസ്റ്റർ കുറ്റം സമ്മതിച്ചു അപ്പീഹ്ട്ട ഇൻസ്പക്ടർക്ക് സ്റ്റേയിറ്റുമെണ്ടു് കൊടുത്തിട്ടുണ്ട്. ശരിയായ തെളിവില്ലെന്ന ഒരു കല്പന പുറപ്പെടുവിച്ചതു് എന്തൊരു ശക്തിയുടെ പ്രലോഭനം കൊണ്ടാണെന്നു് എനിക്ക മനസ്സിലാകുന്നില്ല. ഏതായാലും ഈ വിധത്തിലുള്ള കാര്യങ്ങൾക്ക ഇനിമേലാൽ ഒരു വിരാമമിടണം. പാവപ്പെട്ട അധഃകൃതർക്ക ഗവർമ്മെണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളും തികച്ചും അവർക്ക ലഭിക്കണം. അതു് മറ്റാരും ചൂഷണം ചെയ്യുവാൻ അനുവദിക്കരുതു്. ഇതുവരെയും ഇങ്ങിനെയുള്ള കാര്യങ്ങളിൽ കർശനമായ ഒരു നടപടി ഉണ്ടായിട്ടില്ല, അതുകൊണ്ടു് ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഗവർമ്മെണ്ടു് കർശനമായ നടപടി എടുക്കുകയും,

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മുമ്പു പറഞ്ഞതുപോലെ നാശമില്ലായ്മ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടും, ഞാൻ ഈ സഭയുടെ സ്വീകരണത്തിന്നായി ഈ ഉപക്ഷേപം സമർപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പുസ്തകങ്ങളും മറ്റും ശരിക്കു കുട്ടികൾക്കു കിട്ടുന്നില്ലെന്നുള്ള ആവലാതി പലപ്പോഴും ഞങ്ങൾ ഗവൺമെണ്ടിലേക്കു് അറിയിച്ചിട്ടുണ്ടു്. പക്ഷെ, ആ കാര്യത്തിൽ പറയത്തക്കതായിട്ടുള്ള ഒരു നടപടി ഗവൺമെണ്ടു് ഇതുവരെ സ്വീകരിച്ചിട്ടില്ലെന്നാണു് കണ്ടിരിക്കുന്നതു്. എന്നതന്നെയല്ല, അനുഭവത്തിലും അങ്ങിനെതന്നെയാണു്. പഴഞ്ഞി C. M. E. സ്കൂളിന്റെ കാര്യം ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. വാസ്തവത്തിൽ ഈ സംഗതി എനിക്കും ഏതാണ്ടൊന്നു കേൾക്കുവാൻ സാധിച്ചിട്ടുണ്ടു്. പുസ്തകങ്ങളും മറ്റും ശരിയായിട്ടു കിട്ടുന്നില്ലായെന്നുള്ളതിനെപ്പറ്റി അന്വേഷിക്കേണ്ടതായ ചുമതല ബഹുമാനപ്പെട്ട ഗവൺമെണ്ടിനുള്ളതാണു്. അധ്യാപകരുടെ ഉദ്ധാരണത്തിനുവേണ്ടി നിലവിലിരിക്കുന്നതായ അപ്പ്‌ലിഫ്ട് ഡിപ്പാർട്ട്മെണ്ടു് കാര്യക്ഷമമായിട്ടുള്ള ഒരു നില കൈക്കൊള്ളേണ്ടതാണു്. അപ്പ്‌ലിഫ്ട് ഡിപ്പാർട്ട്മെണ്ടിന്റെ അശ്രദ്ധകൊണ്ടാണു് വാസ്തവത്തിൽ ഈ ഉപകരണങ്ങൾ ശരിയായി എല്ലാ സ്കൂളുകളിലുമുള്ള വിദ്യാർത്ഥികൾക്കു കിട്ടാതെവരുന്നതെന്നുവേണം പറയുവാൻ. തക്കസമയത്തു് ഈ വിദ്യാഭ്യാസസൌജന്യങ്ങൾ ഓരോ സ്കൂളുകളിലേക്കും അനുവദിച്ചുകഴിഞ്ഞാൽ അതു തക്കസമയത്തു് ഓരോ സ്കൂളുകളിലുമുള്ള വിദ്യാർത്ഥികൾക്കു കിട്ടുന്നുണ്ടോയെന്നും, ഏതേതു സ്കൂളുകളിൽനിന്നാണു് വൈകിക്കൊടുക്കുന്നതെന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ചു ശരിയായി അധ്യാപകഡിപ്പാർട്ട്മെണ്ടിൽനിന്നും അന്വേഷിക്കാതെയിരിക്കുന്നതുകൊണ്ടാണു് ഈമാതിരിയുള്ള പരിശ്രമകേടും പല സ്കൂളുകളിലും കണ്ടുവരുന്നതു്. അതുകൊണ്ടു പ്രധാനമായിട്ടു് അപ്പ്‌ലിഫ്ട് ഡിപ്പാർട്ട്മെണ്ടു് ഈ കാര്യത്തിൽ ന്യായമായിട്ടു ശ്രദ്ധപതിപ്പിക്കണം. അവരുടെ ശരിയായിട്ടുള്ള പരിശോധനയുണ്ടായിരുന്നുവെങ്കിൽ ഈമാതിരിയുള്ള ആവലാതികൾക്കു് ഇടയുണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് വാസ്തവത്തിൽ ആവലാതികൾ കൂടാതെ കഴിക്കണമെങ്കിൽ, ശരിയായി എല്ലാക്കൊല്ലവും വിദ്യാഭ്യാസസൌജന്യം വിതരണംചെയ്യുന്നുണ്ടോയെന്നുള്ള കാര്യത്തിൽ അപ്പ്‌ലിഫ്ട് ഡിപ്പാർട്ട്മെണ്ടിൽനിന്നു് വേണ്ട അന്വേഷണം നടത്തി പുസ്തകങ്ങളും മറ്റും വിതരണംചെയ്യുന്ന ക്രമത്തെ നിയന്ത്രിക്കേണ്ടതു് അത്യാവശ്യമാണു്. ഇതിൽ കൂടുതലായിട്ടു് ഇതിനെ സംബന്ധിച്ചു പറയേണ്ടതായിട്ടില്ല. ആയതുകൊണ്ടു് ഞാൻ ഇതിനെ വളരെ ശക്തിയായി അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു സാധാരണ സ്കൂൾ തുറന്നു് ഒരുമാസം കഴിഞ്ഞിട്ടു മാത്രമാണു് കുട്ടികൾക്കു പുസ്തകങ്ങൾ കിട്ടുന്നതെന്നു് ഒരു ആവലാതി ഇവിടെ പറയുകയുണ്ടായി. എന്നാൽ ഈ ഒരുമാസം കഴിഞ്ഞു്, അവിടന്നു് ഒരുമാസവുംകൂടി കഴിഞ്ഞിട്ടു മാത്രമാണു് അധ്യാപകകുട്ടികൾക്കു ഗവൺമെണ്ടിൽനിന്നു പുസ്തകം അനുവദിച്ചുകിട്ടുന്നതു്. അങ്ങനെയാകുമ്പോൾ പുസ്തകം കിട്ടുവാൻ രണ്ടുമാസം പിടിക്കുന്നു. ഇതിനും പുറമേ ചില കുട്ടികൾക്കു പുസ്തകങ്ങൾ തീരെ കിട്ടുന്നില്ലെന്നു് അറിയുമ്പോൾ അതു് ഏറ്റവും പരിതാപകരമായ ഒരു അവസ്ഥയെയാണു് കാണിക്കുന്നതു്. പുസ്തകം കിട്ടുവാൻ താമസിച്ചിട്ടും കിട്ടാതെയും അധ്യാപകവിദ്യാർത്ഥികൾക്കു പഠിക്കുവാൻ സാധിക്കാതെവരികയും, തൻമൂലം അവർ കൊല്ലാവസാനം പരീക്ഷയിൽ ബാക്കിയുള്ളവരെ അപേക്ഷിച്ചു് അധികം തോല്ക്കുകയും ചെയ്യുന്നു. അവരെ ഉദ്ധരിക്കണമെന്നു ഗവൺമെണ്ടിനു് ഉദ്ദേശമുണ്ടെങ്കിൽ തിച്ചയായും അധ്യാപകവിദ്യാർത്ഥികൾക്കെങ്കിലും പുസ്തകകാര്യത്തിൽ മൻഗണന കൊടുക്കേണ്ടതാണു്. പുസ്തകം കിട്ടിയാൽതന്നെയും മണ്ണെണ്ണകൂടിയില്ലാത്ത ഈ കാലത്തു് വേണ്ടുവോളം വായിച്ചു പഠിക്കുവാനും അവക്കു വിഷമമായിരിക്കും. അതും കൂടാതെ ചില കുട്ടികൾ മതം മാറിയെന്ന പേരിൽ പുസ്തകം കിട്ടാതേയും വരുന്നുണ്ടു്. ഈ പുസ്തകം കുട്ടികൾക്കു കൊടുക്കാതിരിക്കുവാനുള്ള ഒരു മുട്ടുശാന്തി മാത്രമാണു്. എനിക്കു് അടുത്തുതന്നെ നടന്ന ഒരു സംഭവമറിയാം. ചിറ്റൂർ സ്കൂളിൽ തേഡ്‌ഫാറത്തിൽ പഠിക്കുന്നതായ "രാജു"വെന്ന പേരുള്ള ഒരു കുട്ടി ക്രിസ്ത്യാനിയായി മതം മാറിയെന്ന കാരണം പറഞ്ഞു ആ കുട്ടിക്കു പുസ്തകവും ഫീസും കൊടുക്കാതെ കഷ്ടപ്പെടുത്തുകയാണു് ചെയ്യുന്നതു്. ഇങ്ങിനെ മതം മാറിയെന്നുള്ള സംശയംകൊണ്ടു് അധ്യാപകകുട്ടികൾക്കു പുസ്തകം കിട്ടാതെ വിഷമിക്കുന്നുണ്ടു്. ഇങ്ങിനെയുള്ള വിഷമതകൾ ഗവൺമെണ്ടു ദൂരീകരിച്ചു് അധ്യാപകകുട്ടികൾക്കു പുസ്തകം മുഴവനും വേണ്ടസമയത്തു കൊടുക്കേണ്ടതു് ഗവൺമെണ്ടിന്റെ ഏറ്റവും വലിയ ഒരു ചുമതലയാണെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഇതിനെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: സർ, പ്രജാമണ്ഡലം പാട്ടിയുടെ പേരിൽ ഞാൻ ഇതിനെ പിൻതാങ്ങിക്കൊള്ളുന്നു.

റാവു സാഹിബ് ഐ. എൻ. മേനോൻ: അനീതികരം നടക്കുന്നുണ്ടെങ്കിൽ അതു അസാധാരണയാണെന്നു ഗവൺമെണ്ടു പരിപൂർണ്ണമായി വിശ്വസിക്കുന്നു

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* May we know the view of the Government in this matter so that we may decide whether we should continue the discussion or not?

Rao Sahib I. N. Menon *(Director of Public Instruction):* In this particular matter there is a great deal of exaggeration.

Mr. P. Govinda Menon *(Ernakulam):* A good deal of truth also.

Rao Sahib I. N. Menon *(Director of Public Instruction):* There is some truth and necessary action has been taken in the matter. If Hon'ble Members want that details should be gone through I am prepared.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഹെഡ്മാസ്റ്റർ സമ്മതിച്ചു സ്റ്റെയിറ്റുമെൻറു കൊടുത്തിട്ടുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ: ഹെഡ്മാസ്റ്ററുടെ സ്റ്റെയിറ്റുമെൻറിൽ അപഹരിച്ചിട്ടുണ്ടെന്നില്ല. സർ, ആദ്യമായിട്ട് ചില പുസ്തകങ്ങളൊക്കെ അപ്പ്ലിഫ്ട് ഡിപ്പാർട്ടുമെണ്ടിൽനിന്നു കൊടുത്തിട്ടുള്ളതു് ശരിയായിട്ടു കിട്ടാത്ത കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളുമൊക്കെ ഇവിടെ പറഞ്ഞുകേട്ടു. അന്വേഷണം നടത്തിയപ്പോൾ മൻകാലങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും, ഇക്കൊല്ലം ആവശ്യമില്ലാത്തതുമായ പുസ്തകങ്ങളാണെന്നാണു് റിപ്പോർട്ട്. അതിനുശേഷം അപ്പ്ലിഫ്ട് ഡിപ്പാർട്ടുമെണ്ടിലെ ഒരു റിപ്പോർട്ടുകിട്ടിയതിനുശേഷം വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിൽനിന്നും ഇൻസ്പെക്ടരെ അയച്ചു് എൻക്വയറിചെയ്തിച്ചു. സഭയുടെ അനവാദമുണ്ടെങ്കിൽ ഞാൻ അതു വായിക്കാം. "As a result of my detailed inquiry into the matter as indicated above, I feel that the true state of affairs is as set forth in detail by the Deputy Inspector and the manager in their reports, that many of the technical irregularities noticed are not at all of a serious nature calling for any action and have arisen only due to the inevitable confusion of supply and return of books and requisites to a large number of D. C. and Muslim pupils, and that there is absolutely no ground for suspecting the bonafides of either the Headmaster or the manager in the whole affair. I am convinced that both of them have done their best all these years to promote the education of the poor muslim and D. C. pupils of the locality, even at considerable personal sacrifice and at the risk of their actions being misconstrued as has been done now. The fact that in a place like Palanji where the public are always quite alter and bring to light even slight errors of the teachers and managers, no complaint against the Manager or the Headmaster has arisen all these years, fully supporting my view.

It is sad to note that some of their generous actions have now been misjudged and even their honesty questioned-all due to the hostile attitude of some of the teachers, whose further continuance in the school is, as already reported by me, quite detrimental to its welfare, I cannot see any objection in a manager or teacher supplying the books and other requisites to the D. C. or Muslim pupils even at the re-opening of schools and recouping those supplies where they are received from Government. This practice has been going on for years and has all along been felt only to be a sort of generous co-operation with the authorities in the matter of enrolling such B. C. and D. C. pupils to the school which, I believe, is the object of the Government and which object has been achieved in this particular school to a greater extent than in other schools, as is evident from the steady increase in the strength of the B. C. and D. C. pupils".

ഓഡിറ്റു ചെയ്തു നോക്കിയപ്പോൾ അതിൽ യാതൊരു പ്രൂഫും ഇല്ല. എയിഡഡ് സ്കൂളിൽ ആദ്യമായിട്ടാണു് കൺട്രോളർ ആപ്പീസ്സിൽനിന്നും ഇങ്ങിനെയൊരു ഓഡിറ്റു നടക്കുന്നതു്. ഇതിൽ കൂടുതലായിട്ടു എന്താണു് ചെയ്യേണ്ടതെന്നു് എനിക്കു് അറിവില്ല.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* What was the result of the audit conducted by the Comptroller's Department?

Rao Sahib I. N. Menon *(Director of Public Instruction):* There was absolutely no proof.

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: രജിസ്റ്റേഴ്സും കണക്കുകളും ഒന്നും അവിടെ സൂക്ഷിച്ചിട്ടില്ല. ഇത് അവരുടെ നടപടിപിശകാണെന്ന് ഗവർമ്മെണ്ട് സമ്മതിക്കുന്നു. ആരാണ് അതിന്റെ ഉത്തരവാദിയെന്നുണ്ടെങ്കിൽ അയാൾക്ക് ഒരു വാണിംഗ് കൊടുത്തിട്ടുണ്ട്. ഇതുപോലെ വേറെ ഒന്നു രണ്ടു ദിക്കുകളിലുമുണ്ടായിട്ടുണ്ട്. തെളിവുള്ള സ്ഥലങ്ങളിൽ പ്രോസിക്യൂഷൻ നടത്തിട്ടുണ്ട്.

ഗവർമ്മെണ്ട് ഇതിൽ അശ്രദ്ധ കാണിച്ചിട്ടുണ്ടെന്ന് പറയുന്നതു ശരിയല്ല. ഈ മാതിരി പല കാര്യങ്ങളും എല്ലിച്ചു കൊടുത്തിട്ട വേണ്ടപോലെ ചെയ്തിട്ടുണ്ട്. പിന്നെ എക്കൌണ്ട് ഇല്ലാത്തതു കാരണം വാസ്തവം അറിയുന്നതിനു ബുദ്ധിമുട്ട് വരുന്നുണ്ട്. അതു കൊണ്ട് ഈ രണ്ടു ഡിപ്പാർട്ടുമെണ്ടും തമ്മിൽ സഹകരിച്ചു അധ:കൃതവിദ്യാർത്ഥികൾക്ക് വേണ്ടതായ വേതനങ്ങൾ അതാതു് സമയത്തു് എത്തിച്ചു കൊടുക്കുവാൻ സകല പരിശ്രമങ്ങളും ചെയ്യാമെന്നു മാത്രമാണ് ഗവർമ്മെണ്ടിന്റെ ഭാഗത്തുനിന്നു എനിക്ക് പറയുവാനുള്ളതു്. ഏതെങ്കിലും വല്ല പിശകും വന്നിട്ടുണ്ടെങ്കിൽ ഗവർമ്മെണ്ടു അതു കണ്ടുപിടിച്ചു കഴിയുന്നതു മൊക്കെ ചെയ്യുന്നുണ്ട്. തെളിവില്ലെങ്കിൽ എന്താണ് ചെയ്യുക. തെളിവു കിട്ടിട്ടുള്ളേടത്തു പ്രോസിക്യൂഷൻകൂടി നടത്തിട്ടുണ്ട്. അതിൽ കൂടുതലായിട്ട് ഗവർമ്മെണ്ട് എന്താണ് ചെയ്യേണ്ടതെന്നു് എനിക്കറിവില്ല.

മിസ്സിസ്സ് ഓക്ഷായണി വേലായുധൻ: വേണ്ടതുപോലെ ഡിപ്പാർട്ടുമെണ്ടിൽനിന്നും ചെയ്യുവാൻ തയ്യാറുള്ളതുകൊണ്ട് ഞാൻ ഇതിനെപ്പറ്റി ഒന്നും പറയുന്നില്ല.

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: ഒന്നു് രണ്ടു് സംഗതികളെകൊണ്ട് ഗവർമ്മെണ്ടിന്റെ കണ്ണു് ഒന്നുംകൂടി തുറന്നിട്ടുണ്ട്. എവിടെയാണു് പിശകു് വരുന്നതെന്നുണ്ടെങ്കിൽ ഗവർമ്മെണ്ടിൽനിന്നു അതിനെക്കുറിച്ചു അന്വേഷിച്ചു വേണ്ടതു ചെയ്യുവാനെ തരമുള്ളൂ. ഇങ്ങിനെയുള്ള ചില കാര്യങ്ങളും ഗവർമ്മെണ്ടിനു ബോദ്ധ്യം വന്നതോടുകൂടി ഇനി ഒന്നുംകൂടി സൂക്ഷിച്ചു് വേണ്ടതു പ്രവൃത്തിക്കാമെന്നു് ഗവർമ്മെണ്ടിനുവേണ്ടി വാശ്ചത്തം ചെയ്യാം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇതിനുള്ള ഉത്തരവാദികളും തികച്ചും സംരക്ഷണ ഡിപ്പാർട്ടുമെണ്ടാണെന്നു് എന്റെ സ്നേഹിതൻ പറയുകയുണ്ടായി. അതു വാസ്തവമല്ല. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടു് ഇതിനു ഉത്തരവാദപ്പെട്ടവരാണു്. അവർ ഇനിയും അന്വേഷണങ്ങളും നടത്തി വേണ്ട നടപടികളെടുക്കാമെന്നു് ബഹുമാനപ്പെട്ട ഡയറക്ടർ അവർകളും പറഞ്ഞതിൽ ഞങ്ങളും സന്തോഷിക്കുന്നു. ഈ മാതിരിയുള്ള അനീതികളും അധികവും നടക്കുന്നതു് എയിഡഡ് സ്കൂളുകളിലാണു്. അതിനും പുറമെ മുൻ പ്രസ്താവിച്ച കുട്ടികൾക്കു് പുസ്തകങ്ങളും സ്റ്റൈപ്പണ്ടും അനുവദിച്ചു കിട്ടീട്ടില്ലെന്നു കുട്ടികൾതന്നെ സമ്മതിച്ചു് സ്റ്റേയിറ്റുമെണ്ടു് കൊടുത്തിട്ടുണ്ടെന്നാണു് എന്റെ അറിവു്. അതുകൊണ്ടു കീഴുദ്യോഗസ്ഥന്മാരെതന്നെ മുഴുവനും വിശ്വസിക്കാതെ ഡയറക്ടർ അവർകൾതന്നെ നേരിട്ടു് ഇക്കാര്യം അന്വേഷിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു്, ഈ ഖണ്ഡനോപക്ഷേപത്തെ ഞാൻ പിൻവലിക്കുന്നു.

Cut motion, by leave, withdrawn

CUT MOTION No. 37

Residential accommodation for students

Mr. P. Govinda Menon *(Ernakulam):* Mr. Chairman, I move to reduce the allotment of Rs. 1,16,982 for direction and inspection in Demand No. 21 by Re. 1. *The difficulties experienced by students in the State and Ernakulam in particular for want of residential accommodation.*

Sir, previously a large number of students in Ernakulam, — I am speaking with particular reference to Ernakulam,—were living in the various hostels run by Government the auspices authorities. A few students used also to live in outside hostels, in lodges, rented rooms and other places. Of late, on account of want of residential accommodation, there has been a rush in the hostels and only a limited number of students, naturally would be admitted into these various hostels. There, therefore, remains a large number of students who have not got accommodation in the hostels and who for want of residential accommodation did not get lodging places also. It is a very great difficulty. In this matter the Government, to my information, has not done anything to relieve these students of these difficulties. There are many ways in which the difficulties could be avoided. If the construction of a pukka hostel is difficult, it may be difficult all at

LIBRARY ARCHIVES Kerala Legislative Assembly

once, it is not very difficult to construct a few temporary sheds attached to the permanent hostels, sheds like the one we see near the old post-office in what was called "Asad Maidans". They are very good sheds and the students will be satisfied if such sheds are made as a temporary measure. As yet nothing has been done in this direction I do not suggest the extreme proposition of billeting these students in a few houses where there is enough of accommodation. Probably that is too an advanced idea for us at present. But temporary sheds would be constructed and it would be constructed in a short interval of time and I request Government to do so and relieve these vagrant students so to say from the difficulties of having to accommodate themselves in very incongenial surroundings. With these few words I move this cut motion.

Mr. K. T. Achutan *(Ezhuvas-Mukundapuram)*: Sir, I support this motion. There is no necessity for an elaborate discussion on this matter. At Ernakulam as far as my information goes there will be more than 800 students every year in the College. At Trichur I know personally that there are more students who are flocked together in a few hotels and restaurants there. They are wandering in the whole town and even they cannot get a house 4 miles distant from the town. Even now the students are without residential houses. How can they continue their study? Government knows that there would be more than sufficient number of students in the Colleges without necessary hostels and if the Government do not take this matter into serious consideration the students will be put to very great difficulties. As suggested by the leader of the Prajamandalam Party some thatched sheds without even the maximum sanitary conditions may be provided for them. At least they must have space enough to sit and lie down and they can somehow manage their diets from the hotels. Therefore, I hope that Government will not lose any time to do all that is necessary in this direction to solve this problem.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, നാഷനലിസ്റ്റ് പാർട്ടിയുടെ പേരിൽ ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങികൊള്ളുന്നു. എനിക്കു ഹരിജന ഹോസ്റ്റലിന്റെ ചില ആവശ്യങ്ങളാണ് ഇവിടെ നിവേദനം ചെയ്യുവാനുള്ളതു്. ഹരിജനഹോസ്റ്റൽ ഇപ്പോൾ നടക്കുന്നതു വാടകക്കു് എടുത്തിട്ടുള്ള ഒരു കെട്ടിടത്തിലാണു്. ഒന്നു രണ്ടു മഴ പെയ്താൽ പറമ്പിലും മുറ്റത്തും മുട്ടിനൊപ്പം വെള്ളമുണ്ടാകുന്ന ഒരു സ്ഥലത്താണു്. ഇപ്പോൾ പുലയ വിദ്യാർത്ഥികളാണു് ആ വിദ്യാർത്ഥി മന്ദിരത്തിലുള്ളതു. അതിൽ സുഖമായിട്ടു് താമസിക്കുവാനുള്ള സൌകര്യം ആ ജീർണ്ണിച്ച കെട്ടിടത്തിൽ വേണ്ടുവോളമില്ല. അവിടെ പി. സി. ആർ. പണികഠം നടത്തിയിട്ടു് ഒന്നര കൊല്ലമായി. വീട്ടുടമസ്ഥൻ സ്ഥലം ഒഴിഞ്ഞു കൊടുക്കുവാൻ തിടുക്കം കൂട്ടുന്നു. എനിക്കു ഒന്നു പറയുവാനുണ്ടു്, മഹാരാജാസു് കോളേജിലെ ലേഡീസ്സു് വെയിറ്റിംഗ് റൂം ആയിട്ടു് ഉപയോഗിക്കുന്ന കെട്ടിടത്തിലേക്കു ഹരിജൻ ഹോസ്റ്റൽ മാറ്റുന്നതു നന്നായിരിക്കുമെന്നാണു്.

Mr. P. Govinda Menon *(Ernakulam)*: Then where will they wait?

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: I shall come to that. ഇന്നു് ലേഡീ സ്റ്റാഫന്റ്സ്സു് ഉപയോഗിക്കുന്ന കെട്ടിടം ഇതിനുമുമ്പു് ഷൺമുഖം ഹോസ്റ്റൽ ആയിരുന്നു. ഷൺമുഖം ഹോസ്റ്റൽ ഇപ്പോൾ രാമവർമ്മഹോസ്റ്റലിന്റെ ഒരു ഭാഗമാണു്. ഈ കെട്ടിടം വെയിറ്റിംഗ് റൂമായിട്ടു് ഉപയോഗിക്കുന്നതിനു മുമ്പു് മഹാരാജാസു് കോളേജിൽ വാട്ടർ ടാങ്കിന്റെ അടുത്തുള്ള ഒരു കെട്ടിടത്തിലാണു് അവർ വിശ്രമിച്ചിരുന്നതു്. ഈ കെട്ടിടം മതിയോ മതിയാവുകയില്ലയോയെന്നു് പറയുവാൻ ഞാൻ തയ്യാറില്ല. ഇന്നു് അതു് ഓഷാപരിഷ്കരണകമ്മറ്റിയുടെ ആപ്പീസ്സാണു്. ഈ ആപ്പീസ്സു് മഹാരാജാസു് കോളേജിൽ ഒരു ചെറിയ മുറിയിലാണു നടത്തിവന്നിരുന്നതു്. അതു തല്ക്കാലത്തേക്കു അങ്ങോട്ടതന്നെ മാറ്റിയാൽ കൂടുതൽ പ്രയോജനമായി. ലേഡി സ്റ്റാഫന്റ്സിന്റെ വെയിറ്റിംഗ് റൂം ഇതിനു മുമ്പു് അവർ വിശ്രമിച്ചിരുന്ന ആ സ്ഥലത്തേക്കും മാറ്റാം. ഇപ്പോൾ അവർ വിശ്രമിക്കുന്ന ആ കെട്ടിടം ഹരിജൻ ഹോസ്റ്റലിനു ഒഴിഞ്ഞു കൊടുക്കുവാനും സാധിക്കും. ഇവിടെയുള്ള ഒരു കാര്യം, വളരെ കുട്ടികൾ താമസിക്കുവാൻ സൌകര്യമില്ലാതെകണ്ടു് ബുദ്ധിമുട്ടോടുകൂടി ജീവിക്കുന്നു. വേറെയൊരുകൂട്ടർ ദിവസത്തിൽ ഒന്നോ, രണ്ടോ, നാലോ പ്രാവശ്യം വിശ്രമിക്കുവാൻ സൌകര്യം ആവശ്യപ്പെടുന്നു. വിശ്രമിക്കുവാൻ അവർക്കു സ്ഥലം കൊടുക്കേണ്ട എന്നല്ല, ഞാൻ പറയുന്നതു്. അവരുടെ എത്രയും പാവപ്പെട്ട സഹോദരന്മാർക്കു താമസിച്ചു പഠിക്കാൻ ഈ സ്ഥലം അനുവദിച്ചുകൊണ്ടു്, അവർക്കുള്ള കൂടുതൽ സൌകര്യം അല്പം ഒന്നു കുറയ്ക്കണമെന്നു് മാത്രമേ ഞാൻ പറയുന്നുള്ളു. ഇങ്ങിനെ ഈ പാവപ്പെട്ടവരുടെ കാര്യത്തിനു് ഒരു പരിഹാരം കാണണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ വേറെയൊന്നുള്ളതു് അധ:കൃത ബാലികമാരുടെ കാര്യമാണു്. മഹാരാജാസ് കോളേജിൽ പഠിക്കുന്ന അധ:കൃത ബാലികമാക്കു് പ്രത്യേകം ഹോസ്റ്റൽ വെച്ചു കൊടുക്കേണമെന്ന ബഹുമാനപ്പെട്ട രണ്ടു് അധ:കൃത പ്രതിനിധികളും അവരുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുകയുണ്ടായി. പക്ഷെ നിർഭാഗ്യവശാൽ ആ അഭിപ്രായത്തിൽ നിന്നും വിയോജിക്കേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. പ്രത്യേകം പ്രത്യേകം ജാതി തിരിച്ചുള്ള ഹോസ്റ്റൽ കൊടുക്കണമെന്ന ഇനിയും ആവശ്യപ്പെടുന്നതു ശരിയല്ല .....

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: പിന്നെ ഹരിജന വിദ്യാർത്ഥികൾക്കു വേറെ കെട്ടിടം കൊടുക്കണമെന്നു് പറയുന്നതു് എന്തിനാണു്?

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇപ്പോൾ നടന്നുവരുന്ന ഹോസ്റ്റലിൽ കൂടുതൽ ആളുകൾ ഉള്ളതുകൊണ്ടു് നിർത്തിക്കളയേണ്ടതെന്നു് മാത്രമാണു് ഞാൻ പറയുന്നതു്?

ഈ അധ:കൃതവിദ്യാർത്ഥിനികൾക്കു് കഴിയുന്നത്ര ജാതിഹിന്ദു വിദ്യാർത്ഥിനികൾ താമസിക്കുന്ന ഹോസ്റ്റലിൽ പൂർണ്ണ സ്വാതന്ത്ര്യം കൊടുക്കണമെന്നാണു് ഞാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനോടു് പറയുന്നതു്. അവക്കു് സൌകര്യം ചെയ്തുകൊടുക്കുവാൻ വേണ്ടിടത്തോളം പണമില്ലെങ്കിൽ അവർ ഇപ്പോൾ താമസിക്കുന്ന സ്ഥലത്തുതന്നെയെങ്കിലും കൂടുതൽ സൌകര്യം ഉണ്ടാക്കി കൊടുക്കണം. ഇന്നു് അവർ താമസിക്കുന്നതു് എസ്സു്. എൻ. വി. സദനത്തിൽ തിയ്യ ലേഡീസ് ഒരുമിച്ചാണു്. ഇങ്ങിനെ താമസിക്കുന്നതുകൊണ്ടു് അവക്കു് പ്രത്യേകം തിരിഞ്ഞുനില്ക്കാതെ മറവുള്ളവരും കൂടി കൂടുതൽ, കൂടുതൽ അടുക്കുവാനും, അതു വഴി സാഹചര്യം സൃഷ്ടിക്കുവാനും സാധിക്കുന്നതാണു്. കൂടാതെ ഇവക്കു പ്രത്യേകം ഒരു ഹോസ്റ്റൽ നടത്തേണ്ടതിനു് ഒരു കെട്ടിടം എടുക്കുന്നതിനും മറവും ഗവണ്മെണ്ടിലേക്കു കൂടുതലായിട്ടു ഒരു ചിലവു വഹിക്കേണ്ടതായിട്ടുവരും. ആ തുക കൂടി ഇപ്പോഴുള്ള വിദ്യാർത്ഥിനികളുടെ ആവശ്യങ്ങൾക്കായി അനുവദിക്കുക.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: എട്ടു കുട്ടികൾക്കു മാത്രം താമസിച്ചാൽമതിയോ? ഇപ്പോഴുള്ള കുട്ടികൾക്കു പുറമെ കൂടുതൽ കുട്ടികൾ വന്നാൽ അവക്കു താമസിക്കുവാൻ സാധിക്കുമോ?

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇതു എന്റെ സ്വന്തനിലയിലുള്ള അഭിപ്രായം മാത്രമാണു. പ്രത്യേകം ഒരു ജാതിയായി തിരിഞ്ഞു നില്ക്കുന്നതു് അഭിലഷണീയമല്ലെന്നാണു് ഞാൻ പറയുന്നതു്. ഈ സൌകര്യം അധ:കൃതവിദ്യാർത്ഥികൾക്കും, വിദ്യാർത്ഥിനികൾക്കും ഉണ്ടാക്കി കൊടുക്കണമെന്നു ഞാൻ ഗവണ്മെൻറിനോടഭ്യർത്ഥിക്കുന്നു.

മിസ്സിസ്സ് ടി. ഫ്രാൻസീസ്സ്: സർ, രണ്ടുവാക്കു പറയുന്നതിനു മുമ്പു കുസ്സ്വാൻ ഹോസ്റ്റലിന്റെ സ്ഥിതി എന്താണെന്നു ഒന്നറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: അങ്ങിനെയൊന്നുമില്ല.

മിസ്സിസ്സ് ടി. ഫ്രാൻസീസ്സ്: അവിടെ താമസിച്ചിരുന്ന കുട്ടികളുടെ സ്ഥിതി എങ്ങിനെയാണു്?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: കുറെ പേരോളം കൊച്ചിപൊളിറ്റൻ ഹോസ്റ്റലിലുണ്ടു്. കുറെപേർ പ്രൈവറ്റായിട്ടും താമസിക്കുന്നുണ്ടെന്നാണു് തോന്നുന്നതു്.

മിസ്സിസ്സ് ടി. ഫ്രാൻസീസ്സ്: ബഹുമാനപ്പെട്ട എറണാകുളം മെമ്പർ അനേകം കുട്ടികൾക്കു് താമസിക്കുവാൻ സൌകര്യമില്ലാത്ത കാര്യത്തെ കുറിച്ചു ഇവിടെ പറയുകയുണ്ടായി. എന്നാൽ എറണാകുളം പട്ടണത്തിൽ താമസിക്കുവാൻ സൌകര്യമില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന വിദ്യാർത്ഥികളെ കുറിച്ചു എനിക്കു നല്ല അറിവുണ്ടു്. അതുകൊണ്ടു ബഹുമാനപ്പെട്ട എറണാകുളം മെമ്പർ പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. ഗവണ്മെണ്ടു് ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധവെച്ചു അധികം താമസിക്കാതെ തന്നെ അവക്കു ഏതു വിധത്തിലെങ്കിലും, ടെമ്പററി ഷെഡ്ഡോ, അല്ലെങ്കിൽ വീടു കൂലിക്കെടുത്തോ, ഹോസ്റ്റൽ ഉണ്ടാക്കി കൊടുക്കേണ്ടതാണു. അല്ലാത്തപക്ഷം പ്രൈവറ്റ ബോഡിസ്സിനു ക്ഷണിച്ചു വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു ഹോസ്റ്റൽ നടത്തുന്നതിനു അവരെ പ്രോത്സാഹിപ്പിക്കേണ്ടതാകുന്നു. ഇവിടെ ബാലികകൾക്കുവേണ്ടി പ്രൈവറ്റ ബോഡിസ്സു നടത്തുന്ന ഹോസ്റ്റലുകൾ മൂന്നോ നാലോ മറ്റോ ഉണ്ടെന്നാണു തോന്നുന്നതു. എന്നാൽ ആൺകുട്ടികൾക്കു ഇത്തരം ഹോസ്റ്റൽ ഇല്ല. പുരുഷന്മാർ ഇങ്ങിനെയുള്ള മഹത്തായുള്ള പ്രവൃത്തികളിലേക്കു ഏർപ്പാടുകൾ ചെയ്യുന്നതിനുള്ള മനസ്സു ഉള്ളവരായി ആരും ഇതേവരെ കണ്ടിട്ടില്ല. ഇവരെ വേണ്ടവിധത്തിൽ പ്രോത്സാഹി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുകയും അവിടെ താമസിക്കുന്ന കുട്ടികളുടെ സ്വഭാവത്തെപ്പറ്റി ചെക്കുചെയ്യുവാനും വേണ്ടതായ ഏർപ്പാടും എഡ്യൂക്കേഷൻ അതോറിറ്റി ചെയ്യിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഇതിനെ പിൻതാങ്ങികൊള്ളുന്നു.

*മിസ്റ്റർ പി. ശങ്കരമേനോൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി പിന്താങ്ങുന്നു. എറണാകുളം മെമ്പറും, എറണാകുളം വനിതാ മെമ്പറും അവരുടെ എറണാകുളത്തുള്ള കാര്യം മാത്രമെ പറഞ്ഞിട്ടുള്ളൂ. നോമിനേറ്റഡ് മെമ്പർ അവരുടെ സമുദായത്തിന്റെ കാര്യങ്ങളും മാത്രമെ പറഞ്ഞിട്ടുള്ളൂ. എന്നാൽ ഞാൻ പൊതുവെ പറയുന്നു എന്നു മാത്രമെയുള്ളൂ. ഗവൺമെണ്ടു് നടത്തിവരുന്ന ഹോസ്റ്റലുകളുടെ കാര്യംമാത്രമായിട്ടാണു് ഞാൻ സംസാരിക്കുന്നതു്. പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനെ യാതൊന്നിനേയും ഇതു് ബാധിക്കുന്നില്ല. അവക്കുകൂടിയും ഹോസ്റ്റൽ നടത്തുകയും, താമസത്തിനു് സൌകര്യം ഉണ്ടാക്കി കൊടുക്കുകയും ചെയ്യണമെന്നു് നിർബ്ബന്ധിക്കണമെന്നുമാത്രമെ ഞാൻ പറയുന്നുള്ളൂ. അതിനു് ഒരു വഴി പറഞ്ഞതു് കുറെ ഷെഡ്ഡുകൾ പണിയിപ്പിച്ചു കൊടുക്കുകയെന്നാണു്. അതോടുകൂടിതന്നെ അവക്കു് സൌകര്യമുള്ള സ്ഥലങ്ങൾ Defence of India Rules പ്രകാരം കമാണ്ടിയർചെയ്തു എടുത്തു് അതിനു് ഉപയോഗപ്പെടണമെന്നു് മാത്രമെ എനിക്കു് ഇതോടുകൂടി പറയാനുള്ളൂ. അതിനുവേണ്ട നടപടികൾ ഗവൺമെണ്ടു് എടുക്കുമെന്നു ഞാൻ ആശിക്കുന്നു. ആസ്പത്രിയുടെ കാര്യം പറഞ്ഞപ്പോൾ നിവേതനങ്ങളില്ലാത്തതുകൊണ്ടാണു് അതിനെപ്പറ്റി ആലോചിക്കാതിരുന്നതെന്നു് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതുപോലെതന്നെ പറയുകയാണെങ്കിൽ ഈ കാര്യത്തിൽ വേണ്ട നിവേതനങ്ങൾ ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിൽ വേണ്ടതു് പ്രവൃത്തിക്കുവാൻ ഞാൻ ഗവൺമെണ്ടിനോടു് അപേക്ഷിക്കുന്നു.

മിസർ കെ. എസ്സ്. പണിക്കർ: രണ്ടുകൂട്ടർക്കും ഒരുമിച്ചു താമസിക്കുവാനുള്ള കെട്ടിടങ്ങളുണ്ടോ?

മിസ്റ്റർ പി. ശങ്കരമേനോൻ: മനസ്സിലായില്ല.

*മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: സർ, എറണാകുളത്തു് കോളേജുകുട്ടികൾക്കു് പ്രത്യേകിച്ചു് ഹോസ്റ്റൽ സൌകര്യം കിട്ടാതെ തെരുവുതോറും അലഞ്ഞു നടന്നു് വീടുകൾ അന്വേഷിച്ചു നടക്കുന്ന ഒരു കാര്യം ഇവിടെ പ്രത്യേകിച്ചു് പുറനാടുകളിലുള്ള എം. എൽ. സി. മാർക്കു് അറിയുവാൻ സാധിച്ചിട്ടുണ്ടു്. ആദ്യമുണ്ടായിരുന്ന ഒരു പ്രക്ഷോപണം കോളേജുകളിൽ കുട്ടികൾക്കു സീറ്റുകൾ കൂടുതൽ വേണമെന്നുള്ളതായിരുന്നു. കുട്ടികളിൽ പലർക്കും കോളേജിൽ പ്രവേശനം കിട്ടാതെ പത്താം ക്ലാസ്സുകഴിഞ്ഞതിനുശേഷം പഠിപ്പു നിർത്തേണ്ടി വന്നിട്ടുണ്ടു്. അതിനു് പ്രക്ഷോപണം കൂടിയപ്പോൾ ഗവർമ്മെണ്ടു് യൂനിവേഴ്സിറ്റിവഴിക്കു 10 ശതമാനം എണ്ണം വർദ്ധിപ്പിച്ചു. പക്ഷെ. സീറ്റു വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ കുട്ടികൾ കൂടിക്കഴിഞ്ഞിട്ടും അവർക്കു് താമസിക്കുവാനുള്ള സൌകര്യവും കൂടി വർദ്ധിപ്പിക്കണമെന്നുള്ള ഒരു വിചാരം ഈ ഗവർമ്മെണ്ടിനു് തോന്നാത്തതു് വാസ്തവത്തിൽ അവരുടെ അഭിരുചിപ്രകാരമെന്നെ വിചാരിക്കുവാൻ നിവൃത്തിയുള്ളൂ. സീറ്റു വർദ്ധിപ്പിക്കുമ്പോൾ അവർക്കു് താമസിക്കുവാനുള്ള ഏർപ്പാടുചെയ്തുകൊടുക്കണമെന്നു് ആലോചിക്കേണ്ട ഒരു കടമ ഈ ഗവർമ്മെണ്ടിനു ഉണ്ടായിരുന്നു. അതു് ചെയ്യാത്തതിലാണു് നമുക്കു വളരെ ആക്ഷേപമുള്ളതു്. ഇപ്പോൾ സ്ഥലസൌകര്യമില്ലാത്തതിനാൽ പുതിയ ഹോസ്റ്റലുകൾക്കു കെട്ടിടം കിട്ടുവാൻ യുദ്ധകാലമായതുകൊണ്ടു് സാധിക്കുന്നില്ല. അതും പോസ്റ്റവാറിലെ സാധിക്കുകയുള്ളൂ എന്നു് അറിയുന്നു. മിലിട്ടറിക്കാരുടെ ആവശ്യത്തിനും കെട്ടിടങ്ങൾ കമാണ്ടിയർചെയ്യുപോലുമെടുക്കുവാൻ ഉള്ള ഗവർമ്മേണ്ടു്, വിദ്യാർത്ഥികൾക്കു താമസിക്കുവാൻ ഞങ്ങളുടെ വീടുകൾ കമാണ്ടിയർചെയ്തു് എടുത്തു് അവക്കുവേണ്ട സൌകര്യംചെയ്തുകൊടുക്കുവാൻ ഈ ഗവർമ്മെണ്ടിനു തോന്നാത്തതാണു് കൂടുതൽ ആക്ഷേപം. അവർക്കു് പ്രകടിപ്പിക്കുവാനുള്ളതു് മിലിറ്ററിക്കാർക്കു ആവശ്യമെന്നു് പറഞ്ഞാൽ അവരുടെ വിദ്യാർത്ഥികളുടെ കാര്യങ്ങളെല്ലാം മറന്നു്, സ്വമനസ്സുപോലും മറന്നു് വലിയ, വലിയ കെട്ടിടങ്ങൾ കമാണ്ടിയർചെയ്യെടുക്കുന്ന ഗവർമ്മെണ്ടിന്റെ അടിമ മനസ്ഥിതിയെ ആക്ഷേപിക്കാതെനിവൃത്തിയില്ല. അതു് നമ്മുടെ വിദ്യാർത്ഥികൾക്കുവേണ്ടി ചെയ്യാത്തതാണു് കഷ്ടമായിട്ടുള്ളതു്.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നു് നമ്മുടെ ജോയിൻറ് സിക്രട്ടറിയുടെ വീടു് മിലിട്ടറിക്കാർ താമസിച്ചിരുന്നതു് ഞാൻ കണ്ടിട്ടുണ്ടു്.

മിസ്റ്റർ ബി. വി. കെ. മേനോൻ: അതു് ഞാൻ വാടകക്കു് കൊടുത്തതാണു്.

മിസ്റ്റർ ജി. എസ്സു്. ധാരാസിങ്ങു്: കമാണ്ടിയർചെയ്യുകഴിഞ്ഞാൽ കൂട്ടികൊടുക്കു് സൌകര്യമായിട്ടു് താമസിക്കുകയും ചെയ്യാം. അതു് ചെയ്യുന്നതിനു് എന്താണു് വിരോധമെന്നാണു് എനിക്കു് ചോദിക്കുവാനുള്ളതു്. കുറച്ചുനാൾമുമ്പു് പത്രത്തിൽ ഒരു റിപ്പോർട്ടു് കാണുകയുണ്ടായി. കറാച്ചിയിൽ പുതിയതായി ഗവർണ്മെൻറ് കോളേജു് വിദ്യാർത്ഥികൾ രാത്രി കിടക്കുവാൻ സ്ഥലസൌകര്യമില്ലാതെ റോഡിൻറെ അരികിലുള്ള ഫുട്പാത്തിൽ കഴിച്ചുകൂട്ടിയെന്നും ഒരു പത്രറിപ്പോർട്ടിൽ കാണുകയുണ്ടായി. ഇവിടെ അതുപോലെ ഫുട്പാത്തുപോലുമില്ല. അഥവാ ഇവിടെ കിടക്കുകയാണെങ്കിൽതന്നെ കാലത്തു് അവരുടെ മരവിച്ച ശരീരം മാത്രമെ കാണുവാൻ സാധിക്കുകയുള്ളൂ. ഇവിടെ അങ്ങിനെ വരികയാണെങ്കിൽ മറ്റുള്ളവരുടെ ഔദാര്യംകൊണ്ടെങ്കിലും കുറെ കുട്ടികളെ അവരവരുടെ വീടുകളിൽ കൊണ്ടുപോയി താമസിപ്പിച്ചെന്നുംവരാം. പക്ഷെ അങ്ങിനെ ഒരു പരിതസ്ഥിതി വരുന്നതിനു് മുമ്പു് അതൊ അതിനു മുൻപുതന്നെ കമാണ്ടിയർചെയ്യുകയോ, അല്ലാത്തപക്ഷം വാടകക്കു് കിട്ടുമെങ്കിൽ അങ്ങിനെയൊചെയ്തു് ഈ കാര്യം നിവൃത്തിക്കണം. ഗവർമ്മെണ്ടിനു് നഷ്ടമില്ലാത്ത ഒരു കാര്യമാണു് ഇതു്. ഉടനടി ചെയ്യേണ്ട ഒരു കാര്യമാണു്. ഇതെല്ലാം പറഞ്ഞുകൊടുത്തിട്ടുവേണോ മനസ്സിലാക്കുവാൻ. ഇത്ര ബുദ്ധിശൂന്യതയുള്ള ആളുകളാണൊ ഈ ഭരണകൂടം നടത്തിക്കൊണ്ടുപോകുന്നതു്? കുറെ വീടുകളുംകൂടി എടുത്തു് കോളേജു് കൂട്ടികൊടുക്കു താമസിക്കുവാൻവേണ്ട സൌകര്യങ്ങളും ചെയ്തുകൊടുക്കണമെന്നു് അത്യാവശ്യപ്പെട്ടുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങികൊള്ളുന്നു.

*റാവുസാഹിബ്ബു് കെ. അയ്യപ്പൻ: സർ, കൂട്ടികൊടുക്കു താമസിക്കുവാൻ സൌകര്യമില്ലെന്നുള്ളതു് എല്ലാവർക്കും അറിയാം. ഇപ്പോൾ തല്ക്കാല സൌകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതിനെപ്പറ്റി മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞിട്ടുള്ളതാണു് സാദ്ധ്യമായിട്ടുള്ളതെന്നു എനിക്കു തോന്നുന്നു. കമാണ്ടിയർ ചെയ്യുന്നതിനെപ്പറ്റി ചില തെറ്റിദ്ധാരണകളും ചിലർക്കു് കടന്നുകൂടിയിട്ടുണ്ടു്. മുമ്പു് എൻറെ വീടു് കമാണ്ടിയർ ചെയ്യണേ, എൻറെ വീടു് കമാണ്ടിയർ ചെയ്യണേ, എന്നായിരുന്നു എല്ലാവരുടെയും അഭ്യർത്ഥന. ഇവിടെ നിർബ്ബന്ധപൂർവ്വമുള്ള കമാണ്ടിയർ നടന്നിട്ടുണ്ടൊയെന്നാണു് ഞാൻ ചോദിക്കുന്നതു"? ഇവിടെ നടന്നിട്ടുള്ള കമാണ്ടിയർ നൂറുക്കു് തൊണ്ണൂറിലമ്പതു് ശതമാനം എനിക്കു കിട്ടണം, എനിക്കു കിട്ടണം എന്നാഗ്രഹിച്ചതിൻറെ ഫലമായിട്ടു നടന്നിട്ടുള്ളതാണു്. ഇങ്ങിനെ കൊടുത്തു ഇവിടെയുള്ള വീടുകളെല്ലാം തീർന്നു. ഇനി കമാണ്ടിയർ ചെയ്യണമെന്നു പറയുകയാണെങ്കിൽ ആ വീടുകളിൽ താമസിക്കുന്നവരെ ഉപദ്രവിക്കുകയായിരിക്കും. അതുകൊണ്ടു് പ്രജാമണ്ഡലം നേതാവു പറഞ്ഞതുപോലെ തല്ക്കാലം കുറെ ഷെഡ്ഡുകളെങ്കിലും ഉണ്ടാക്കി കൊടുക്കണമെന്നാണു് എനിക്കു ഗവർമ്മെണ്ടിനോടു് പറയാനുള്ളതു്. ഈ കാര്യത്തിൽ പണമില്ലെന്നു പറഞ്ഞാൽ പറ്റുകയില്ല. ഏതാണ്ടു് ഡിഫൻസിനെക്കാളും പ്രധാനമായ ഒരു സംഗതിയാണു് കോളേജിൽ ചേർന്നു പഠിക്കുന്ന കുട്ടികൊടുക്കു താമസിക്കണമെന്നുള്ളതു്. പണമില്ലെങ്കിൽ ഏതുവിധത്തിലെങ്കിലും കുട്ടികൊടുക്കു താമസിക്കുവാൻ സൌകര്യമുണ്ടാക്കണം.

പിന്നെ പ്രത്യേകഹോസ്റ്റലുകളെപ്പറ്റി പറയുകയുണ്ടായി. എല്ലാ സമുദായങ്ങളിലും പെട്ട കുട്ടികൾ ഒരു സ്ഥലത്തു താമസിക്കുന്നതു് നല്ലതാണെന്നുള്ള തത്വം വളരെ ശരിയാണു്. അതിനു ആക്ഷേപമില്ല. ചില സമുദായങ്ങളെ സംബന്ധിച്ചേടത്തോളം ഒരു പ്രയാസമുള്ളതു്, ഗവർമ്മെണ്ടിൽനിന്നു് നടത്തുന്ന ഹോസ്റ്റലുകളിൽ വരുന്ന ചിലവു് അവർക്കു് വഹിക്കുവാൻ വിഷമമാണു് എന്നുള്ളതാണു്. അഡ്മിഷ്യൻ ഗവർമ്മെണ്ടു് കൊടുക്കാമെന്നു് സമ്മതിച്ചിട്ടുണ്ടു്. മനസ്സുള്ളവർ അവിടെ പോയി താമസിക്കുക. പണത്തിൻറെ കുറവുമാത്രമല്ല പ്രത്യേകഹോസ്റ്റലിൽ താമസിച്ചാൽ അവരുടെ വിദ്യാഭ്യാസവുംകൂടി നോക്കണം. സാധുക്കളായ വിദ്യാർത്ഥികൾക്കും മറ്റും പ്രത്യേകഹോസ്റ്റലുകളിൽ കൂടുതൽ സൌകര്യങ്ങളും ചെയ്തുകൊടുക്കുകയെന്നുള്ളതല്ലാതെ വേറെയൊരു മാറ്റം വേണമെന്നു് തോന്നുന്നില്ല. അധഃകൃതബാലികമാർക്കു് പ്രത്യേകം ഹോസ്റ്റൽ വേണമെന്നു് പറയുന്നതു് നല്ലതാണു്. പക്ഷെ, അതിനുള്ള ഒരു വിഷമം ഗവർമ്മെണ്ടു് കൂടുതൽ ചിലവു് ചെയ്യേണ്ടിവരും. ഒരു അധഃകൃതബാലികക്കു് ഗവർമ്മെണ്ടിൽനിന്നും മാസംപ്രതി ൹൫ കൊടുക്കുന്നുണ്ടെന്നു് തോന്നുന്നു. ഗവർമ്മെണ്ടു് ഹോസ്റ്റലുകളിൽ ൨൫ കു.യിൽ കുറഞ്ഞാൽ ആവുകയില്ല.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫീ കൊണ്ട് എങ്ങിനെ കഴിക്കും? അവരുടെ സ്റ്റേന്റേർഡ് വലുതാക്കണം.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: സ്റ്റേന്റേർഡ് വലുതാക്കിയാൽ മാത്രം പോരാ, ഗവമ്മെണ്ട് ഹോസ്റ്റലിലെ എസ്റ്റാബ്ലിഷ്മെണ്ട് ചിലവ് കൂടി കൂട്ടികൊടുക്കേണ്ടതായിട്ടാണ് വരുന്നത്. സ്വകായ്ഹോസ്റ്റലുകൾ കൂട്ടികൊടുക്കുന്നതുകൊണ്ട് അവിടെ വേണ്ടിവരുന്ന ചിലവ് ഭാഗിച്ചെടുക്കുമ്പോൾ അധികമാവുകയില്ല. അതുകൊണ്ട് ഇപ്പോൾ നടക്കുന്ന സമ്പ്രദായത്തിൽതന്നെ കൂടുതൽ സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണ് എനിക്ക പറയുവാനുള്ളത്. കൂട്ടികൊടുക്കുവാൻ താമസിക്കുവാനുള്ള സൌകര്യം എറണാകുളത്തുമാത്രമല്ല, തൃശ്ശിവപേരൂരും ചെയ്തുകൊടുക്കണമെന്നാണ് എനിക്ക പറയുവാനുള്ളത്.

*മിസ്റ്റർ പി. നാരായണമേനോൻ: ൧.ർ, തുപ്പുണിത്തുറ നിയോജകമണ്ഡലത്തിലുള്ള പൊതുജനങ്ങളുടെ പ്രതിനിധിയെന്ന നിലയിൽ ഞാനും ഈ പ്രമേയത്തെ പിൻതാങ്ങികൊള്ളുന്നു. കൊച്ചിരാജ്യത്തുള്ള എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടിയും പ്രത്യേകിച്ച് എറണാകുളത്തുള്ള വിദ്യാർത്ഥികൾക്കുവേണ്ടിയും താമസിക്കുന്നതിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കികൊടുക്കണമെന്നാണ് ഖണ്ഡനോപക്ഷേപത്തിന്റെ താല്പര്യം. തുപ്പുണിത്തുറ നിയോജകമണ്ഡലത്തിലും അനേകം വിദ്യാലയങ്ങളുണ്ട്. അവിടെയും ദരിദ്രപ്രദേശങ്ങളിൽനിന്നും വന്നു പഠിച്ചുതാമസിക്കുന്ന കുട്ടികൾ അപൂർവ്വമല്ല. അവർക്കും ഇങ്ങിനെയുള്ള സൌകര്യങ്ങളുണ്ടായാൽ കൊള്ളാമെന്നുള്ള അഭിപ്രായമുണ്ട്. പക്ഷെ, അവർക്ക് അവരുടെ രക്ഷിതാക്കന്മാർ സൌകര്യംചെയ്തുകിട്ടുന്നതിനുവേണ്ടി ഗവമ്മെണ്ടിന്റെ അടുക്കൽ വേതനങ്ങൾ സമർപ്പിക്കുകയൊ യാതൊന്നും ചെയ്തിട്ടില്ല. അതിനുകാരണം അങ്ങിനെ ചെയ്തുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ലെന്ന് അവർക്ക് അറിയാവുന്നതുകൊണ്ടാണ്. തുപ്പുണിത്തുറ സർക്കാർ ഹൈസ്കൂളിൽ ഇന്ന് ക്ലാസ്സുകൾ നടത്തുന്നതിനുപോലും സ്ഥലം ഇല്ലാതെയാണിരിക്കുന്നത്. പണ്ട് നാല്പതൊ അൻപതൊ കുട്ടികളുണ്ടെങ്കിൽ രണ്ടു ക്ലാസ്സായി വിഭജിച്ച് നടത്തണമെന്ന് ഒരു നിയമം വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിന് അംഗീകരിച്ചിട്ടുണ്ട്. ഇപ്പോൾ ൭൦ കുട്ടികൾ തികച്ചും വേണം, രണ്ടു ക്ലാസ്സുകളാക്കണമെന്നുണ്ടെങ്കിൽ എന്നു കർശനമായ ഒരു നിയമം ഡിപ്പാർട്ടുമെണ്ടിന് സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ചില ക്ലാസ്സുകളിൽ ൪൫-ം, ൫൦-ം കുട്ടികൾവരെയുള്ളതായി അനുഭവപ്പെട്ടിട്ടുണ്ട്. ഇങ്ങിനെയുള്ള മൂന്നും, നാലും ക്ലാസ്സുകൾ സൌകര്യമുള്ള വിധത്തിൽ പഠിപ്പിക്കത്തക്കവണ്ണമുള്ള സ്ഥലം ഇന്ന് ആ ഹൈസ്കൂളിലില്ല.

പാനൽ ചെയർമാൻ: ഉപക്ഷേപം എന്താണെന്നുംകൂടി നോക്കണം.

മിസ്റ്റർ പി. നാരായണമേനോൻ: മനസ്സിലായി. പഠിക്കുവാനുള്ള ക്ലാസ്സുംകൂടിയില്ലാതെ അനവധി കാലമായിട്ട് അനുഭവിച്ചുകൊണ്ടിരുന്നിട്ടും, അതിന്റെ ആവശ്യകതയെക്കുറിച്ച് വീണ്ടും, വീണ്ടും അപേക്ഷകൾ ചെന്നുകൊണ്ടിരുന്നിട്ടും യാതൊരു ഫലവും കാണാത്തതുകൊണ്ട് വിദൂരസ്ഥരായ കുട്ടികൾക്ക് പഠിച്ചുതാമസിക്കുന്നതിനു സൌകര്യമുള്ള സ്ഥലങ്ങളുംകൂടി വേണമെന്ന് പറഞ്ഞാൽ അതിനു എത്രത്തോളം ഗൌരവം ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ ഉണ്ടാകുമെന്ന് സംശയിച്ചിട്ടാണ് അവർ ഇങ്ങിനെയുള്ള സ്ഥലങ്ങൾ ഇതേവരെ ആവശ്യപ്പെടാതിരുന്നത്. അതുകൊണ്ട് ഇപ്പോഴുള്ള ഗവമ്മെണ്ട് സ്കൂളിൽ ക്ലാസ്സുകൾ കൂട്ടുന്നതിനു വേണ്ടിടത്തോളം സൌകര്യവും അതുപോലെതന്നെ വിദൂരസ്ഥരായ കുട്ടികൾക്ക് പഠിച്ചുതാമസിക്കുന്നതിനു വേണ്ടതായ സൌകര്യങ്ങൾ ചെയ്തുതന്നാൽകൊള്ളാമെന്ന് എനിക്കും ഡിപ്പാർട്ടുമെണ്ടിന്റെ മേലധ്യക്ഷനോട് അപേക്ഷയുണ്ട്. സ്ഥലങ്ങൾ അനുവദിച്ചുതരാം, ഇപ്പോൾ തന്നിട്ടുണ്ട്, എന്നൊക്കെ പറഞ്ഞാൽ ഇങ്ങിനെയുള്ള സ്ഥലങ്ങൾമാത്രം കിട്ടിയതുകൊണ്ട് പ്രയോജനമില്ല. അധഃകൃതപ്രതിനിധി ഇവിടെ പ്രസ്താവിച്ചതുപോലെ അവരുടെ ഹോസ്റ്റൽ എന്റെ ദൃഷ്ടിക്ക് ഗോചരമായിട്ടുണ്ട്. പണ്ട് ആരോ ഒരു കവിതപറഞ്ഞതുപോലെ.....

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: എങ്ങിനെയാണ് ആ കവിത?

മിസ്റ്റർ പി. നാരായണമേനോൻ: "അക്ഷികൾക്ക് ലക്ഷീഭവിച്ച" എന്നോ, മറ്റോ പറഞ്ഞതുപോലെ ആ ഹോസ്റ്റൽ കണ്ടപ്പോൾ പണ്ട് രാമായണത്തിൽ ദണ്ഡകാരണ്യത്തി

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ന്റെ വണ്ണനപോലെയാണു് എനിക്കു് തോന്നിയതു്. ഏതെല്ലാം വിധത്തിലുള്ള ന്യൂനതകളാണു് ഉള്ളതെന്നു് അവിടെ ചെന്നുനോക്കുന്ന ഏവർക്കും മനസ്സിലാകും. ആരോഗ്യത്തിനു് ഹാനികരമില്ലാത്തവിധത്തിൽ സുഖമായിട്ടു് താമസിക്കത്തക്കവിധത്തിൽ ഏകാഗ്രതയോടുകൂടി പാഠങ്ങൾ പഠിക്കുന്നതിനു് സൌകര്യമുള്ള സ്ഥലങ്ങളിൽ ഉയർന്ന രീതിയിൽ നടത്തുന്ന ഹോസ്റ്റലുകളാണു് ആവശ്യമുള്ളതു്. ഇങ്ങിനെയുള്ള ഹോസ്റ്റലുകളാണു വിദ്യാലയത്തിനു സമീപം ഉണ്ടാകേണ്ടതു്.

പിന്നെ അധഃകൃതർക്കു് പ്രത്യേകം ഹോസ്റ്റൽ, സവർണ്ണർക്കു് പ്രത്യേകം ഹോസ്റ്റൽ, എല്ലാ ജാതിക്കാർക്കുംകൂടി പ്രത്യേകം ഹോസ്റ്റൽ, സ്ത്രീകൾക്കു് പ്രത്യേകം ഹോസ്റ്റൽ ഇങ്ങിനെയുള്ള ഹോസ്റ്റലുകൾ നടത്തിയാൽ അതെല്ലാം വിരോധമില്ലാതെകണ്ടു് നടത്തണമെന്നുള്ള സിദ്ധാന്തം എനിക്കില്ല. നേരെമറിച്ചു് എന്തുകൊണ്ടു് എല്ലാ ജാതിക്കാർക്കും ഒരുമിച്ചുള്ള ഒരു കോസ്മൊപൊളിറ്റൻ ഹോസ്റ്റൽ നടത്തുവാൻ വയ്യായെന്നു് ഞാൻ ചോദിക്കുന്നു. ജാതി മാത്രമല്ലെങ്കിൽ ഉച്ചനീചത്വമില്ലാതാക്കുവാനുള്ള ഏകമാർഗ്ഗം വിദ്യാർത്ഥികൾ ഒരുമിച്ചു താമസിക്കുകയെന്നുള്ളതാണു്. ആ നിലക്കു് അവർക്കു് ഒരുമിച്ചു താമസിക്കത്തക്കവണ്ണമുള്ള ഒരു ഹോസ്റ്റൽ ഗവർമ്മെണ്ടിൽനിന്നു് ആരംഭിക്കുകയും, അതിൽ താമസിക്കുവാൻമാത്രം മനസ്സുള്ളവരെമാത്രം അവിടെ താമസിപ്പിക്കുകയും ചെയ്യണം. അതിനു് തയ്യാറില്ലാത്തവരെ സംബന്ധിച്ചേടത്തോളം ഇന്നത്തെ ദേശീയമന്ത്രാലകം അനുവദിക്കുന്നില്ലെങ്കിൽ അതിനേക്കാൾ കുറച്ചുകൂടികടന്ന വേറെ ഒരു മാർഗ്ഗം ഞാൻ കാണുന്നുണ്ടു്.

അധഃകൃതവിദ്യാർത്ഥികളെ സവർണ്ണഹോസ്റ്റലുകളിൽ അയക്കണമെന്നു് ഇവിടെ പറയുകയുണ്ടായി. അവിടെ ചെന്നു് താമസിക്കുവാനാഗ്രഹമുള്ളവരെ അങ്ങോട്ടു അയക്കുക.

റാവു സാഹിബു് കെ. അയ്യപ്പൻ: താമസിക്കുവാൻ ആഗ്രഹമുള്ളവരെയല്ല, നിവൃത്തിയുള്ളവരെ.

മിസ്റ്റർ പി. നാരായണമേനോൻ: അതെ. അതുപോലെതന്നെ സവർണ്ണഹോസ്റ്റലിൽ താമസിക്കുവാൻ വരുന്ന അവർണ്ണരെ അങ്ങോട്ടേക്കു അവർണ്ണഹോസ്റ്റലിൽ താമസിക്കുവാനാഗ്രഹിക്കുന്ന സവർണ്ണരെ അങ്ങോട്ടും അയക്കുക.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഇടവർണ്ണക്കാരെ എന്തു ചെയ്യണം.

മിസ്റ്റർ പി. നാരായണമേനോൻ: സമയമായതുകൊണ്ടു് അധികം വിസ്തരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ദേശീയതത്ത്വത്തിന്റെ പേരിൽ, ജാതി നശിപ്പിക്കണമെന്നുള്ളതിന്റെ പേരിൽ, മനുഷ്യനു് സമത്വവും, സാഹോദര്യവും വരണമെന്നുള്ള പേരിൽ പ്രവൃത്തിക്കുന്ന സവർണ്ണരാഷ്ട്രീയനേതാക്കളുടെ എത്ര വിദ്യാർത്ഥികളാണു് അവർണ്ണരുടെ ഹോസ്റ്റലുകളിൽ പോയി അവരോടൊപ്പം താമസിച്ചു്, അവരോടൊപ്പം ജീവിക്കുവാൻ തയ്യാറാവുകയെന്നു് നമുക്കു് മനസ്സിലാക്കുവാൻ സാധിക്കും.

റാവു സാഹിബു് കെ. അയ്യപ്പൻ: ഇപ്പോൾ തടസ്ഥമൊന്നുമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ താമസിക്കുവാൻ ആരുമില്ലെന്നു കരുതേണ്ട. വിദ്യാർത്ഥികൾക്കു് താമസത്തിനു സൌകര്യമില്ലാത്തതുകൊണ്ടു് തുപ്പുണിത്തുറ നിയോജകമണ്ഡലത്തിലും ആവക ബുദ്ധിമുട്ടുകൾ ധാരാളമുണ്ടു്. അവർ ഇതിനു് അപേക്ഷകളയക്കാതിരിക്കുവാനുള്ള കാരണം സ്ഥലമില്ലാത്ത സ്ഥിതി, കൂടുതൽ ചിലവു്, ഈവക അത്യാവശ്യങ്ങൾക്കു് കാലസ്ഥിതി അനുയോജ്യമല്ലെന്നുള്ള ബോദ്ധ്യംകൊണ്ടാണു്. അവർക്കു് ആവശ്യമില്ലാതെയല്ല. അതുകൊണ്ടു് ഈവക പ്രദേശങ്ങളിൽ ഇങ്ങിനെയുള്ള ആവശ്യങ്ങൾ നിർവ്വഹിച്ചുതരുവാനും, അതിനുമുമ്പുതന്നെ ക്ലാസ്സുകൾ കൂട്ടുന്നതിനുള്ള സൌകര്യം ഉണ്ടാക്കിതരണമെന്നും അപേക്ഷിക്കുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഈ കട്ടമോഷനെ അടിസ്ഥാനമാക്കി അധഃകൃതരും വേറെ താമസിക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല. അവർണ്ണരും സവർണ്ണരും എന്നു വേണ്ട അധഃകൃതരെല്ലാവരുംതന്നെ ഓരോ വിധത്തിലുള്ള ഓരോ ഹോസ്റ്റലുകളിൽ താമസിച്ചു്, അങ്ങിനെ ജാതീയമായ ചിന്തകളും, വിചാരങ്ങളും എല്ലാം അകറ്റുകയും ചെയ്യേണ്ടതു് അത്യാവശ്യമാണെന്നുള്ള ഒരു അഭിപ്രായക്കാരനാണു് ഞാൻ. എങ്കിലും അധഃകൃതകുട്ടികൾക്കു് വേണ്ടിടത്തോളം ഹോസ്റ്റലിലും മറ്റും താമസിക്കുന്നതിനു് വേണ്ടത്ര സൌകര്യമില്ലാതെ വന്നാൽ അവർക്കു് പ്രത്യേകം, പ്രത്യേകം ഹോസ്റ്റൽ വേണമെന്നാണു് എനി

LIBRARY ARCHIVES Kerala Legislative Assembly

ക്ക് പറയുവാനുള്ളതു്. അങ്ങിനെയുള്ള സൌകര്യംമാത്രം നോക്കിക്കൊണ്ടാണു് അധഃകൃത ബാലികമാക്ക് പ്രത്യേകമായി ഒരു ഹോസ്റ്റൽ വേണമെന്നു് ഞാൻ ബലമായിട്ട അഭിപ്രായപ്പെട്ടതു്. പെൺകുട്ടികൾക്ക് പ്രത്യേകമായ ഒരു ഹോസ്റ്റൽ വേണമെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. ഇന്നു് അധഃകൃതബാലികമാക്ക് S. N. V. സദനത്തിൽ താമസിച്ചു പഠിക്കുന്നതിനുള്ള സൌകര്യങ്ങൾ ഗവണ്മെണ്ടു് കൊടുത്തിട്ടുണ്ടു്. എന്നിരുന്നാലും അവർക്കു് എല്ലാവർക്കും പ്രവേശനം വളരെ ഞെരുക്കമായ സ്ഥിതിയിലാണു് അവിടെ കാണുന്നതു്. അതുകൊണ്ടു് അധഃകൃതവിദ്യാർത്ഥിനികൾക്ക് പ്രത്യേകം ഒരു ഹോസ്റ്റൽ ആവശ്യമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

At this stage the Hon'ble Diwan President took the Chair.

മറ്റുള്ള വിദ്യാർത്ഥികൾക്കും താമസിക്കുന്നതിനും മറ്റുമുള്ള സൌകര്യങ്ങൾ ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണു്. അതുകൊണ്ടു് ഏറണാകുളത്തു് ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾക്കു് താമസസൌകര്യമുണ്ടാക്കിക്കൊടുക്കണമെന്നു് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

Rao Sahib I. N. Menon *(Director of Public Instruction):* Mr. President, Sir, the Government realise that there is scarcity of residential accommodation for students of the Maharaja's College. This is partly the result of a general lack of residential accommodation and partly the result of a liberal increase in the number of students which the University allowed us to admit to the Maharaja's College during this and the last year. This question came to the notice of Government some time ago and they are taking steps to increase the amount of accommodation available in the existing buildings and I can assure this House that no time would be lost to make available to students who are now resident here all the accommodation that can possibly be found in the present buildings. I would like to remind this House that some time ago, say about 2 or 3 years ago, the position was very different and there has been an unprecedented increase of residential accommodation in hostels, so that it was not a thing which the Government could have easily anticipated some years ago. I remember a time when the position was just the reverse. There was a time when there was not much demand from students for accommodation in the hostels. But due to the rapid increase in the number of students studying in the Maharaja's College, and due also to the difficulty of finding accommodation in private lodgings, there has been some amount of over-crowding in hostels and the first step that Government took was to find out, if it would be possible, without taking any very drastic steps licensed lodging as the practice obtains elsewhere in other Universities and Colleges also to appoint a Proctor who would also be the Deputy Warden of these hostels who would look after the interest and welfare of the students who are residents in the lodgings outside the hostels. This step afforded some measure of relief, but this year even that has been found to be thoroughly futile and of course, Government have appraised themselves of the situation. . . .

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Are there any licensed lodges now?

Rao Sahib I. N. Menon *(Director of Public Instruction):* There are lodges approved by the Proctor and the Proctor is also expected to go round and enquire into the welfare of the students in the lodgings so approved.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Are there any approved lodges?

Rao Sahib I. N. Menon *(Director of Public Instruction):* There are lodges approved. As I said the accommodation that could be made available in these lodgings also shrank due to the enormous rise in the strength of the College. What Government propose to do at present is to make usable all the room that is available in the present buildings in the Maharaja's College. I do realise that it is not an ideal state of affairs, but we are not living at the moment in a condition which is in any way ideal and we have to make the best of a bad job, to put it frankly, but I can assure the House that accommodation will be found in this manner for a quite large number who are now put to a great difficulty for want of accommodation. Before concluding, I would also like to place before this House another point and that is, from the earnest speech made by the Hon'ble Members of the several sections of this Hosuse, the inference could have drawn that a great deal of facility, that the number that has found difficult to have accommodation in the hostel is very large. I have figures here. The number of applicants who wanted accommodation in our hostels was 51. The number who were actually admitted to the hostel was 34, so that we have as our records show 17 peole who applied for accommodation in the hostel and for whom the College authorities could not find. I am not belittling in any sense the gravity of the issue because the number is small. I am only trying to show that acute as the difficulty is. . . . . .

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Is it the position of the Government that those who have not applied have got residential quarters?

Rao Sahib I. N. Menon *(Director of Public Instruction)* : The position of the Government is that those who have not applied normally are not anxious to live in the hostel, but are willing to live in the lodgings approved by the Proctor.

Mr. P. A. Mohamed Ashroff *(Cranganur):* An application from a student for admission is necessary only in the case of the Cosmopolitan Hostel, is it not so?

Rao Sahib I. N. Menon *(Director of Public Instruction):* The information that I have at present with me is applications were received from 51 candidates who were anxious to get admission in the hostel.

Mr. P. A. Mohamed Ashroff *(Cranganur):* In which hostel, please?

Rao Sahib I. N. Menon *(Director of Public Instruction):* In the Maharaja's College Hostel, to which I think the present cut motion relates. We have not got motions about other hostels at present, nor do I think, Sir, at this stage it is desirable that we should compel the students to live in the hostel itself now. Now the authorities say that boys should reside in the lodgings approved by the College authorities and subject to the general supervision of the Proctor. Of these 51, 17 could not find accommodation in the hostel. I do admit, Sir, that the position is really unsatisfactory, but it is not so serious and it is possible for Government now without much delay to find the necessary accommodation for these people who have been left without suitable lodgings. I can also assure the House that the Government are really alive to the situation and no time would be lost in future to see that the several suggestions made by the Hon'ble Members with regard to easing the situation will also be taken into consideration in the proper time.

